കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽപി/പി4-1113/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി, 28.01.2020

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽപി/പി4-1113/2019 തീയതി: 28.01.2020

# ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2018 – 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സന്തോഷ്.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2019 മുതൽ 05.10.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി.ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (03.10.2019 വരെ)<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.മനേഷ് കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ (03.10.2019 വരെ) |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.എസ്.സുജിത്ത് ലാൽ | 01.04.2018 മുതൽ 24.10.2018 വരെ |
| | ശ്രീമതി.ഡി.സുജാത | 25.10.2018 മുതൽ 16.12.2018 വരെ |

| | | |
|---|---|---|
| | ശ്രീ.ജെ.ദാസൻ | 17.12.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഷിബു പ്രണബ്.ആർ.എസ് | 01.04.2018 മുതൽ 08.08.2018 വരെ |
| | ശ്രീ.സ്റ്റാർലി.ഒ.എസ് | 08.08.2018 മുതൽ 26.02.2019 വരെ |
| | ശ്രീ.അജയൻ.എസ് (എച്ച്.സി – ചാർജ്ജ് ) | 27.02.2019 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.വൃന്ദ.ടി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബീന.ഡി | 01.04.2018 മുതൽ 31.8.2018 വരെ |
| | ഡോ.വി.നാരയണ പിള്ള | 01.09.2018 മുതൽ 31.10.2018 വരെ |
| | ഡോ.ബീന.ഡി | 01.11.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ധന്യ.ടി | 01.04.2018 മുതൽ 23.10.2018 വരെ |
| | ശ്രീമതി.ലക്ഷ്മി.എസ്.നായർ | 24.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ആശിഷ്.ബി | 01.04.2018 മുതൽ 11.06.2018 വരെ |
| | ഡോ. ഷമീർ സിദ്ദിക്ക് | 12.06.2018 മുതൽ 13.11.2018 വരെ |
| | ഡോ.സുരേഷ് കുമാർ.പി | 14.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഗംഗ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഗീതാ ശങ്കർ | 01.04.2018 മുതൽ 31.05.2018 വരെ |
| | (ഒഴിവ് ) | 01.06.2018 മുതൽ 30.06.2018 വരെ |
| | ഡോ.വിജയേന്ദ്രൻ | 01.07.2018 മുതൽ 07.07.2018വരെ |
| | ഡോ.കെ.എസ്.സുരേഷ് | 08.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് (ഗവ.എൽ.പി.എസ് ) | ശ്രീമതി.കെ.ഓമന | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രശ്മി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.പ്രവീൺ.കെ.കൃഷ്ണൻ | 01.04.2018 മുതൽ 01.10.2018 വരെ |

| | | |
|---|---|---|
| | ശ്രീ.കിരൺ.കെ.വി | 02.10.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.പി.അപ്പൻ | 01.04.2018 മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 മുതൽ<br>1-11 വരെ | പൊതു അവലോകനം |
| 2 | 1-12 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കുന്നില്ല-തനത് വരുമാനം കുറയുന്നു |
| 3 | 1-13 | പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല |
| 4 | 1-14 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 5 | 1-15 | വികസനഫണ്ടിൽ നിന്നുമുള്ള മേഖല വകയിരുത്തലുകൾ - ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം- മിനിമം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവില്ല |
| 6 | 1-16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെ ക്രമക്കേടുകൾ |
| 7 | 1-17 | തൊഴിലുറപ്പു പദ്ധതി - നടത്തിപ്പിൽ സുതാര്യതയില്ല |
| 8 | 1-18 | പി.എസ്സ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി - പദ്ധതി അടങ്കലിനേക്കാൾ അധികം തുക ചെലവഴിച്ചു |
| 9 | 1-19 | നെൽകൃഷി വികസനം-കൂലിച്ചെലവ് സബ്സിഡി-പദ്ധതി നിർവ്വഹണം സംബന്ധിച്ച് |
| 10 | 1-20 | കറവപശു പരിപാലനം - ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ ഇല്ല |
| 11 | 1-21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനം മരുന്ന് വിതരണം ചെയ്തില്ല |
| 12 | 1-22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ -അർഹതാ രേഖകൾ ഇല്ലാതെ ആനുകൂല്യം അനുവദിച്ചു |
| 13 | 1-23 | രേഖകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 14 | 1-24 | ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കുന്നില്ല |
| 15 | 1-25 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ |
| 16 | 1-26 | പഞ്ചിംഗ് മെഷീൻ പ്രവർത്തനക്ഷമമല്ല-തുക തടസ്സപ്പെടുത്തുന്നു |
| 17 | 1-27 | തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല - വൈദ്യുതചാർജ്ജ് ഇനത്തിൽ വൻ തുക നഷ്ടം |
| 18 | 1-28 | ടെൻഡർ, റീ ടെൻഡർ, ലേലം, ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല |
| 19 | 1-29 | പ്രളയ ദുരിതാശ്വാസ നിധിയിൽ അടച്ച തുകകൾക്ക് ആധികാരിക രേഖകളില്ല |
| 20 | 1-30 | ലൈഫ് പദ്ധതി - അവലോകനം |
| 21 | 1-31 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം |
| 22 | 3-1 | പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി – പദ്ധതി അടങ്കലിനേക്കാൾ അധിക തുക ചെലവഴിച്ചു |
| 23 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 162578500 | 186234800 |
| വാർഷിക കണക്ക് പ്രകാരം | 80625483 | 77309679 |

യഥാർത്ഥ വരവ് ചെലവുകളുടെ ഇരട്ടിയിലധികമാണ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 27.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2018-19 | KSA ALP P4-744/2019/26.6.19 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7332122 |
| വരവ് | 80625483 |
| ആകെ | 87957605 |
| ചെലവ് | 77309679 |
| നീക്കിയിരിപ്പ് | 10647926 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | | 13430000 | 13430000 | 12460569 | 969431 |
| വികസനഫണ്ട് എസ്.സി.പി. | | | 5255000 | 5255000 | 4374362 | 880638 |
| വികസനഫണ്ട് ടി.എസ്.പി. | | | 113000 | 113000 | 113000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | | 6070000 | 6070000 | 5728619 | 341381 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 2780000 | 2780000 | 2097651 | 682349 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 6234000 | 6234000 | 3584319 | 2649681 |
| എം.എൻ.ആർ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | | 49556675 | 49556675 | 49556675 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2431 | 604368 | 606799 | 601520 | 5279 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 880422 | 457050 | 1337472 | 776931 | 560541 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 1817890 | 1817890 | 1817890 | 0 |
| | ജില്ലാ പഞ്ചായത്ത് | 305000 | 2239710 | 2544710 | 2540028 | 4682 |
| ബി ഫണ്ട് | | 0 | 35406580 | 35406580 | 35406580 | 0 |
| തനത് ഫണ്ട് | കോർപ്പറേഷൻ ബാങ്ക് | 145470 | 345597 | 491067 | 380 | 490687 |
| | കേരള ഗ്രാമീൺ ബാങ്ക് | 4881892 | 7642223 | 12524115 | 8332124 | 4191991 |
| | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 849445 | 12968195 | 13817640 | 9960385 | 3857255 |
| | എസ്.ബി.ഐ.ഇ-പേയ്മെന്റ് | 21223 | 77267 | 98490 | 1556 | 96934 |
| | കെ.ജി.ബി-പെർഫോമൻസ് ഗ്രാന്റ് അക്കൗണ്ട് | 0 | 569432 | 569432 | 0 | 569432 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | |
|---|---|---|---|---|---|---|
| 138 | 129287533 | 34 | 61918551 | 56 | 48 | 47.89 |

2018-2019 സാമ്പത്തിക വർഷം 138 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 34 പദ്ധതികൾ മാത്രമാണ് പൂർണ്ണമായും നടപ്പിലാക്കിയത്.

<u>വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും</u>

| മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| ഉത്പാദനം | 29 | 19 | 8604694 | 4677213 | 54% |
| സേവനം | 72 | 52 | 103090232 | 49144242 | 48% |
| പശ്ചാത്തലം | 37 | 20 | 17592607 | 8097096 | 46% |
| ആകെ | 138 | 91 | 129287533 | 61918551 | 48% |

പശ്ചാത്തലമേഖലയിൽ 46% മാത്രമാണ് ചെലവ് ശതമാനം എന്നത് ഗൗരവമായി കാണേണ്ടതാണ്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 18 | 10 | 56% | 2620914 | 1304900 | 50% |
| 2 | കൃഷി ഓഫീസർ | 12 | 11 | 92% | 2160134 | 1304189 | 60% |
| 3 | വെറ്ററിനറി സർജൻ | 14 | 9 | 64% | 5189560 | 2273024 | 44% |
| 4 | വി.ഇ.ഒ | 26 | 19 | 73% | 86980000 | 39162369 | 45% |
| 5 | ഐ.സി.ഡി.എസ് | 7 | 7 | 100% | 4050921 | 4027482 | 99% |
| 6 | എച്ച്.എം | 9 | 8 | 89% | 1800440 | 1325732 | 74% |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100% | 1100000 | 1100000 | 100% |
| 8 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 100% | 750000 | 713033 | 95% |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100% | 200000 | 200000 | 100% |
| 10 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 100% | 545000 | 545000 | 100% |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 0 | 125000 | 0 | 0 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 46 | 22 | 48% | 23765564 | 9962822 | 42% |
| | ആകെ | 138 | 91 | 66% | 129287533 | 61918551 | 48% |

അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്ററിനറി സർജൻ, വി.ഇ.ഒ എന്നിവർ യഥാക്രമം 42%, 44%, 45% എന്നിങ്ങനെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. മറ്റുള്ള നിർവ്വഹണ ഉദ്യോഗസ്ഥരെല്ലാം 50%നു മുകളിൽ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. 15 സ്പിൽഓവർ പദ്ധതികളുൾപ്പെടെ ആകെ 46 പദ്ധതികൾക്ക്

അംഗീകാരം ലഭിച്ചതിൽ 22 എണ്ണം മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്. നടപ്പിലാക്കിയ 22 പദ്ധതികളിൽ 13 എണ്ണവും സ്പിൽ ഓവർ പദ്ധതികളാണ്.

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2431 | 604368 | 606799 | 601520 | 5279 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 49556675 | 49556675 | 49556675 | 0 |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 221880 | 116 |
| കർഷകതൊഴിലാളി പെൻഷൻ | 5369600 | 426 |
| വിധവാപെൻഷൻ | 9885200 | 845 |
| വാർദ്ധക്യകാലപെൻഷൻ | 15572000 | 1581 |
| വികലാംഗപെൻഷൻ | 3538900 | 289 |
| അവിവാഹിതപെൻഷൻ | 819000 | 72 |

## 1-9 <u>ആഭ്യന്തര നിയന്ത്രണ സംവിധാനം</u>

**പൊതുനിയന്ത്രണം:** ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. സി.ഡി.എസ് സംവിധാനങ്ങൾ പുനസംഘടിപ്പിക്കാത്തത് കാരണം അഗതി-ആശ്രയ വിഭാഗങ്ങൾക്കായി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

**അക്കൗണ്ടിംഗ് സംവിധാനം:** സാഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

**സകർമ്മ സോഫ്റ്റ്‌വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്:** സകർമ്മ സോഫ്റ്റ്‌വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

**ഗ്രാമസഭ** :തൻവർഷം മൂന്ന് തവണ ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. പല വാർഡിലേയും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. (ഉദാ:വാർഡ് XIV, തീയതി 1.07.18:വാർഡ്I, തീയതി 27.02.18)

**വർക്കിംഗ് ഗ്രൂപ്പുകൾ:** 12 വർക്കിംഗ് ഗ്രൂപ്പുകൾ നിലവിലുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം സംബന്ധിച്ച മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നു കാണുന്നു. പലതിലും പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പ് തൻവർഷത്തേക്കായി 16.02.18 ൽ മാത്രമാണ് കൂടിയിട്ടുള്ളത്. പല ഗ്രൂപ്പുകളും 10/18 ന ശേഷം ഇതേ വരെയും കൂടിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്ന പദ്ധതി നിർദ്ദേശവും പാലിക്കപ്പെടുന്നില്ല.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പല രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് തൃപ്തികരമല്ല. കരാർ രജിസ്റ്ററിൽ കരാർ തീയതി രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ

സാക്ഷ്യപ്പെടുത്തലുകളില്ല. മസ്റ്റർ റോൾ രജിസ്റ്ററിൽ ബ്ലോക്കിൽ നിന്നും ലഭിക്കുന്ന പല മസ്റ്റർ റോളുകളുടേയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. 26.01.18 ന ശേഷം 29.05.19ലാണ് പ്രോക്യൂർമെന്റ് കമ്മിറ്റി കൂടിയിരിക്കുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2019 | 08/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2013 മുതൽ 09.01.2014 വരെ | 1997-98 മുതൽ 2002-03 വരെ | ---- |

## 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

ഈ ഓഫീസിലെ KSA ALP P4-744/2019/26.6.19നമ്പർ ആയി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല..

# 1-12 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കുന്നില്ല-തനത് വരുമാനം കുറയുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരവിനമാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205 (ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിന്റെ/ വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കുന്നതിനും നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കണമെന്നും നിർദ്ദേശിച്ച് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകുകയും ഇതുപ്രകാരം നികുതി തൊഴിലുടമ പഞ്ചായത്തിൽ ഒടുക്കുകയും ചെയ്യേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുകയും ആയതുപ്രകാരം പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലുടമയ്ക്ക് തൊഴിൽ നികുതി ഡിമാന്റ് ചെയ്തുകൊണ്ട് നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യാത്തതുമൂലം പല സ്ഥാപനങ്ങളിലേയും ജീവനക്കാരുടേയും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കപ്പെടാതെ പോകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. മുതുകുളം | 2018-19 രണ്ടാം അർദ്ധവാർഷികം |
| 2 | ഗവ: ഹോമിയോ ഡിസ്പെൻസറി | 2018-19 രണ്ടാം അർദ്ധവാർഷികം |
| 3 | ഗവ: ആയുർവേദ ഡിസ്പെൻസറി | 2018-19 രണ്ടാം അർദ്ധവാർഷികം |
| 4 | ഗവ: എൽ.പി.എസ്. മുതുകുളം | 2018-19 രണ്ടാം അർദ്ധവാർഷികം |
| 5 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, മുതുകുളം | 2018-19 രണ്ടാം അർദ്ധവാർഷികം |
| 6 | മുത്തൂറ്റ് ഫിനാൻസ്, മുതുകുളം | 2018-19 രണ്ടാം അർദ്ധവാർഷികം |
| 7 | ശബരി, കൺസ്ട്രക്ഷൻ, മുതുകുളം | 2018-19 രണ്ടാം അർദ്ധവാർഷികം |
| 8 | ചൂളത്തെരുവ് ക്ഷീരോദ്പാദക സഹകരണസംഘം | 2018-19 രണ്ടാം അർദ്ധവാർഷികം |
| 9 | ബുദ്ധാ എഡ്യൂക്കേഷൻ സെന്റർ, മുതുകുളം | 2018-19 രണ്ടാം അർദ്ധവാർഷികം |

(2) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ്

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | കാലയളവ് |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി. മുതുകുളം | സ്ഥാപന തൊഴിൽ നികുതി | 2018-19 I<sup>st</sup>&II<sup>nd</sup>അർദ്ധവാർഷികങ്ങൾ |
| 2 | ബി.എസ്.എൻ.എൽ.മുതുകുളം | സ്ഥാപന തൊഴിൽ നികുതി | 2018-19 I<sup>st</sup>&II<sup>nd</sup> അർദ്ധവാർഷികങ്ങൾ |
| 3 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, മുതുകുളം | സ്ഥാപന തൊഴിൽ നികുതി | 2018-19 II<sup>nd</sup> അർദ്ധവാർഷികം |
| 4 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, മുതുകുളം | സ്ഥാപന തൊഴിൽ നികുതി | 2018-19 II<sup>nd</sup> അർദ്ധവാർഷികം |
| 5 | ശബരി കൺസ്ട്രക്ഷൻസ്, മുതുകുളം | സ്ഥാപന തൊഴിൽ നികുതി | 2015-16 II<sup>nd</sup> അർദ്ധവാർഷികം |
| 6 | ചൂളത്തെരുവ് ക്ഷീരോദ്പാദക സഹകരണസംഘം | സ്ഥാപന തൊഴിൽ നികുതി | 2018-19 II<sup>nd</sup>അർദ്ധവാർഷികം |
| 7 | ബി.ആർ.ഡി.സെക്യൂരിറ്റീസ് ലിമിറ്റഡ്, മുതുകുളം | സ്ഥാപന തൊഴിൽ നികുതി | 2018-19 II<sup>nd</sup>അർദ്ധവാർഷികം |

## 1-13 പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

31.10.2017 തീയതിയിലെ ജി.ഒ(പി) നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് നിലവിൽ വന്ന 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. പ്രസ്തുത ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന പ്രസ്തുത ഭേദഗതിക്കനുസരിച്ച് 2018-19 വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷാ ഫോറങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. ആയതിനാൽ പല പ്രമുഖ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുകാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിക്കനുസൃതമായി മൂലധനനിക്ഷേപം കണക്കിലെടുത്ത് നിശ്ചിത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട്

ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് 2016-17 മുതൽ 2018-19 വരെ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 74978 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക |
|---|---|---|
| 2016-17 | 24 | 52030 |
| 2017-18 | 3 | 5744 |
| 2018-19 | 2 | 17204 |
| | ആകെ | 74978 |

ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 74,978/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 വികസനഫണ്ടിൽ നിന്നുമുള്ള മേഖല വകയിരുത്തലുകൾ - ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം- മിനിമം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവില്ല

2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുക നിശ്ചയിച്ചിട്ടുള്ളതാണ്. ശുചിത്വം - മാലിന്യസംസ്കരണം - ജലസംരക്ഷണം എന്നിവയ്ക്ക് കൃത്യമായി തുക വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല.

അനിവാര്യ പദ്ധതിയായ ആശ്രയയ്ക്കായി 1,00,000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതികൾക്ക് തുകകൾ വകയിരുത്തുന്നതിനോടൊപ്പം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

**1-15(1) വിനിയോഗത്തിൽ വീഴ്ച – 55 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി**

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരുപ്പ് | ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13430000 | 12460569 | 969431 | 93% |
| വികസനഫണ്ട് എസ്.സി.പി. | 5255000 | 4374362 | 880638 | 83% |
| വികസനഫണ്ട് ടി.എസ്.പി. | 113000 | 113000 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 6070000 | 5728619 | 341381 | 94% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2780000 | 2097651 | 682349 | 75% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6234000 | 3584319 | 2649681 | 57% |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - |
| ആകെ | 33882000 | 28358520 | 5523480 | 84% |

ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലാണ് ഏറ്റവും കുറഞ്ഞ ചെലവ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് കാരണം 55 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി. ജനങ്ങളുടെ വികസനാവശ്യങ്ങൾക്കുപയോഗിക്കേണ്ട തുകയാണ് ഇപ്രകാരം നഷ്ടമായിട്ടുള്ളത്. പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് തുടർവർഷങ്ങളിൽ കൂട്ടായശ്രമം ഉണ്ടാകേണ്ടതാണ്.

## 1-16 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെ ക്രമക്കേടുകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുക വഴി അവരുടെ ജീവിത സന്ധാരണത്തിന് അധിക വരുമാനം സൃഷ്ടിക്കുന്നതിനോടൊപ്പം സ്ഥായിയായതും ഉത്പാദനക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 57 കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈക്കായി 2017-18-ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും തൻവർഷം നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയുണ്ടായില്ല. 3 പ്രവൃത്തികൾ ഇ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ 07.03.18-ലെ 4(1) നം തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. മറ്റ് പ്രവത്തികൾക്ക് ടെണ്ടർ, റീടെണ്ടർ ക്ഷണിച്ചതിൽ ആരും ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 16.04.2018 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം 52 പ്രവൃത്തികൾക്ക് സിംഗിൾ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചു. രണ്ട് പ്രവൃത്തികൾ ആരും ഏറ്റെടുത്തിരുന്നില്ല.

| | |
|---|---|
| ഇ ടെണ്ടർ | 3 |
| സിംഗിൾ ക്വട്ടേഷൻ | 52 |
| കരാർ ചമച്ചത് | 25 |
| പ്രാരംഭ മസ്റ്റർ റോൾ എടുത്തത് | 20 |
| കരാർ ചമയ്ക്കാതെ മസ്റ്റർ റോൾ എടുത്തത് | 4 |
| മെറ്റീരിയൽസ് സപ്ലൈ ചെയ്തത് | 33 |
| വർക്ക് പൂർത്തീകരിച്ചത് | 25* |

പ്രവൃത്തി നടത്തിപ്പിലെ ഗുരുതരമായ ക്രമക്കേടുകൾ താഴെ കൊടുക്കുന്നു.

1. <u>കരാർ ചമയ്ക്കാത്ത പ്രവൃത്തികൾക്ക് പ്രാരംഭ മസ്റ്റർ റോൾ എടുത്തു, പ്രവൃത്തി പൂർത്തീകരിച്ചു</u>

താഴെ പേര് ചേർക്കപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണ ഭാഗമായി മെറ്റീരിയൽ സപ്ലൈയുമായി ബന്ധപ്പെട്ട് കരാർ ചമയ്ക്കുകയോ സപ്ലൈ ഓർഡർ നൽകുകയോ ഉണ്ടായിട്ടില്ല. എന്നാൽ മസ്റ്റർ റോൾ (സപ്ലൈ ചെയ്ത മെറ്റീരിയൽസ് സ്റ്റാക്ക ചെയ്യുന്ന പ്രവൃത്തിക്കായ് ഉപയോഗിച്ച മസ്റ്റർറോൾ) എടുക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ കരാറുകാരൻ (വിജയൻ) തന്നെയാണ് ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ഇയാൾക്ക് സപ്ലൈ ഓർഡർ നൽകുകയോ ഇതിനായ് ഇയാൾ നിയമാനുസൃതം കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് നം. | പ്രാജക്ട് | മസ്റ്റർ റോൾ നമ്പർ | അനുവദിച്ച വേതനം |
|---|---|---|---|
| II | മങ്ങാട്ട് മുക്ക് നടപ്പാത | 1175/14.08.18 | 29268 |
| XII | ചക്കിലിക്കടവ്-ഇടശ്ശേരിച്ചിറ നടപ്പാത കോൺക്രീറ്റിംഗ് ഭാഗം.I | 5963-65,5391-92/09.07.18 | 8832 |
| XII | ചക്കിലിക്കടവ്-ഇടശ്ശേരിച്ചിറ നടപ്പാത കോൺക്രീറ്റിംഗ് ഭാഗം.II | 9872-74/14.08.18 | 6624 |
| II | ഉത്താനപ്പള്ളിൽ നടപ്പാത കോൺക്രീറ്റിംഗ് | 4827-28/28.06.18 | 4416 |

സ്റ്റാക്കുചെയ്ത മെറ്റീരിയൽസിന്റെ അളവെടുക്കുകയും അളവുപുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് ചെക്കുമെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതല്ലാതെ പ്രസ്തുത നിർമ്മാണപ്രവൃത്തികളുടെ തുടർപ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളെകൊണ്ട് നിർവ്വഹിച്ചതായി കാണുന്നില്ല. എന്തെന്നാൽ മെറ്റീരിയൽ സ്റ്റാക്കിംഗ് പ്രവൃത്തിക്ക് ശേഷം തുടർ പ്രവൃത്തികൾക്കായി മസ്റ്റർറോൾ എടുക്കുകയോ അവ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

പ്രാദേശിക പരിശോധനയിൽ ചക്കിലിക്കടവ്-ഇടശ്ശേരിച്ചിറ നടപ്പാത കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ 03.07.2018 ൽ പ്രവൃത്തി ആരംഭിച്ചതായും 118 തൊഴിൽ ദിനങ്ങൾ നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി അവസാനിച്ച ദിവസം രേഖപ്പെടുത്തിയിട്ടില്ല. 118 തൊഴിൽ ദിനങ്ങൾ നൽകിയിരുന്നെങ്കിൽ 31,978/- രൂപ തൊഴിലാളികൾക്ക് ലഭിക്കുമായിരുന്നു. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതായിട്ടാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഇതിനായി ഉപയോഗിച്ചതിന് രേഖ ഇല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ കരാറുകാരൻ സ്വന്തം നിലയ്ക്ക് പൂർത്തീകരിച്ചു എന്നു വേണം കരുതാൻ. ഇത് തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ മാനദണ്ഡങ്ങൾക്കെതിരാണ്.

2. <u>പ്രാരംഭ മസ്റ്റർറോൾ പോലും എടുത്തിട്ടില്ല, പ്രവൃത്തി പൂർത്തീകരിച്ചു</u>

താഴെ പറയുന്ന പ്രവൃത്തികൾക്ക് പ്രാരംഭ മസ്റ്റർറോൾ പോലും എടുക്കാതെയാണ് പൂർത്തീകരിച്ചത്.

| | വാർഡ് | പ്രവൃത്തി | മെറ്റീരിയൽ സപ്ലൈയർ |
|---|---|---|---|
| 1 | V | കല്ലൂർതാച്ചയിൽ കൃഷ്ണഭവനം നടപ്പാത കോൺക്രീറ്റിംഗ് | സുകുമാരൻ |
| 2 | VI | പുത്തൻകുളങ്ങര അശ്വതി ഭവനം നടപ്പാത കോൺക്രീറ്റിംഗ് | ഗോപാലകൃഷ്ണപിള്ള |
| 3 | VII | ആശാൻ മെമ്മോറിയൽ മായിക്കൽ ജം റോഡ് കോൺക്രീറ്റിംഗ് | സോമരാജൻ |
| 4 | VII | ഇലങ്കം വരുവാലക്കണ്ടം റോഡ് കോൺക്രീറ്റിംഗ് | സോമരാജൻ |
| 5 | VII | വലിയതറയിൽ തയ്യിൽതറയിൽ നടപ്പാത കോൺക്രീറ്റിംഗ്, ഭാഗം.I | ഗോപാലകൃഷ്ണപിള്ള |
| 6 | VII | വലിയതറയിൽ തയ്യിൽതറയിൽ നടപ്പാത കോൺക്രീറ്റിംഗ്, ഭാഗം.II | ഗോപാലകൃഷ്ണപിള്ള |
| 7 | VII | മംഗലശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ്, ഭാഗം.I | സോമരാജൻ |
| 8 | VII | മംഗലശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ്, ഭാഗം.II | സോമരാജൻ |
| 9 | VIII | എന്റെകട-കളപ്പുരയ്ക്കൽ നടപ്പാത കോൺക്രീറ്റിംഗ് | ഗോപാലകൃഷ്ണപിള്ള |

മേൽ പ്രവൃത്തികൾക്ക് കരാറുകാർ മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുണ്ട്. അവയുടെ സ്റ്റാക്കിംഗ് മെഷർമെന്റ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാക്കിംഗിനോ തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗിച്ചതിന് രേഖാപരമായി സാധൂകരണം ലഭ്യമായിട്ടില്ല. കാരണം മസ്റ്റർറോൾ ഇഷ്യൂ രജിസ്റ്റർ പ്രകാരം മേൽ പ്രവൃത്തികൾക്ക് മസ്റ്റർറോളുകൾ നൽകിയിട്ടില്ല. തൊഴിലാളികളുടെ ഹാജർ വിവരം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയ മസ്റ്റർറോളുകൾ വർക്ക് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
സ്ഥലപരിശോധന നടത്തിയതിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ആശാൻ മെമ്മോറിയൽ മായിക്കൽ ജം റോഡ് കോൺക്രീറ്റിംഗ്, വലിയതറയിൽ തയ്യിൽതറയിൽ നടപ്പാത കോൺക്രീറ്റിംഗ് ഭാഗം.I, ഭാഗം.II എന്നീ പ്രവൃത്തികൾ 26.10.18 ൽ ആരംഭിച്ചതായും ഇലങ്കം വരുവാലക്കണ്ടം റോഡ് കോൺക്രീറ്റിംഗ് 1.10.18 ൽ ആരംഭിച്ചതായും, മംഗലശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ്, ഭാഗം.I, 15.10.18 ൽ ആരംഭിച്ചതായും, ഭാഗം.II, 13.10.18ൽ ആരംഭിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ 6 പ്രവൃത്തികൾക്കായി യഥാക്രമം 430,131,124,430,137,137 (ആകെ-1389@271=376419) തൊഴിൽദിനങ്ങൾ ഉപയോഗിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മസ്റ്റർ റോൾ എടുക്കാതെ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞ 6 പ്രവൃത്തികൾക്കായി തൊഴിലാളികൾക്ക് 3,76,419/- രൂപ ലഭിച്ചിട്ടില്ലെന്നു കാണുന്നു. സ്ഥല പരിശോധനാ വേളയിൽ തൊഴിലാളികൾ നേരിട്ട് ഹാജരായി, തൊഴിൽ ചെയ്തതിന്റെ വേതനം അവർക്ക് ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. (മറ്റ് 3 പ്രവൃത്തികൾ പ്രാദേശിക പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല). മേൽ വസ്തുതകളിൽ നിന്നും തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവൃത്തി നിർവ്വഹണം നടന്നിട്ടില്ലെന്ന് കരുതാവുന്നതാണ്.

3. <u>പ്രാരംഭ മസ്റ്റർ റോൾ മാത്രം എടുത്ത പ്രവൃത്തി പൂർത്തീകരിച്ചു</u>

കരാർ ചമയ്ക്കാത്ത 4 പ്രവൃത്തികളുൾപ്പെടെ ആകെ 16 പ്രവൃത്തികൾക്കായി പ്രാരംഭ മെറ്റീരിയൽ സ്റ്റാക്ക ചെയ്യുന്നതിനുള്ള മസ്റ്റർ റോൾ എടുത്തിരുന്നു. ഇതിൽ 10 എണ്ണം 2018-19 ലും 3 എണ്ണം 2019-20 ലും പൂർത്തീകരിച്ചു. 3 പ്രവൃത്തികൾ (ക്രമ നം.10,11,12) ആരംഭിച്ചിട്ടില്ല എന്നാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരം. 2018-19-ൽ പൂർത്തീകരിച്ചതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് മെറ്റീരിയൽ സ്റ്റാക്കിംഗുമായി ബന്ധപ്പെട്ട പ്രാരംഭ മസ്റ്റർറോൾ അല്ലാതെ തുടർ പ്രവൃത്തികൾക്ക് മസ്റ്റർറോളുകൾ ഉപയോഗിച്ചിട്ടില്ല. തൊഴിലുറപ്പ പദ്ധതിയിലെ തൊഴിലാളികളെ ഉപയോഗിച്ചല്ല പ്രസ്തുത പ്രവൃത്തികൾ നിർവ്വഹണം നടത്തിയതെന്നാണ് ഇത് വ്യക്തമാക്കുന്നത്.

| ക്രമ നം | വാർഡ് നം. | റോഡ്/നടപ്പാത |
|---|---|---|
| 1 | VII | നെടുവക്കാട്ട് വലിയതറയിൽ നടപ്പാത ഭാഗം.I |
| 2 | IX | മോഴൂർ രാജ് ഭവനം നടപ്പാത |
| 3 | VII | നെടുവക്കാട്ട് വലിയതറയിൽ ഭാഗം.II |
| 4 | II | ശ്രീവൽസം കണ്ടച്ചേത്ത്നടപ്പാത |
| 5 | III | ശ്രാമ്പിക്കൽ കോളനി വിളയിൽ ജം നടപ്പാത(ടെണ്ടർ) |
| 6 | X | തഴയശ്ശേരിൽ കുനൻചിറ നടപ്പാത7 |
| 7 | XIII | വേലശ്ശേരിൽ മരയ്ക്കാശ്ശേരിൽ റോഡ് |
| 8 | XIII | കൊട്ടേക്കാട്ട് പാലത്തുംപാട്ട് നടപ്പാത |
| 9 | XI | പുത്തൻമഠം തണ്ടാശ്ശേരിൽ റോഡ് ഭാഗം.I |
| 10 | V | കല്ലേലിൽ കുന്നേൽ നടപ്പാത ഭാഗം.I |
| 11 | V | കല്ലേലിൽ കുന്നേൽ നടപ്പാത ഭാഗം.II |
| 12 | X | തുരുത്തിയിൽ കാരാളിൽ നടപ്പാത |

4. <u>2018-19 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് 2019-20 ൽ സപ്ലൈ ഓർഡർ നൽകി പൂർത്തീകരിച്ചിരിക്കുന്നു</u>

2019-20 സാമ്പത്തിക വർഷം (09/19 വരെ) 6 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച 3 പ്രവൃത്തികൾ 6/18, 7/18 മാസങ്ങളിൽ പ്രാരംഭ മസ്റ്റർറോൾ എടുത്ത് പ്രവൃത്തി ആരംഭിച്ചതാണ്. മെറ്റീരിയൽ സപ്ലൈ സംബന്ധിച്ച് എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

| വാർഡ് നം | പ്രവൃത്തികളുടെ വിവരം | കരാറുകാരന്റെ പേര് | പ്രാഥമിക മസ്റ്റർറോൾ | 2019-20ൽ പ്രവൃത്തി നടന്ന കാലയളവ് | സപ്ലൈ ഓർഡർ |
|---|---|---|---|---|---|
| XIII | വേലശ്ശേരിൽ മരയ്ക്കാശ്ശേരിൽ | ഗോപാലകൃഷ്ണ പിള്ള | (6029-31) 09/07/18 | 13/06/19-27/07/19 | 06.06.2019, പാർട്ട്ബിൽ-23736 |
| XIII | കൊട്ടേക്കാട്ട് പാലത്തുംപാട്ട് | ശാന്തിലാൽ | 5/7/2018 (5743-44) | 05/07/19-27/07/19 | 20.06.2019 പാർട്ട്ബിൽ-14628/13.07.18 |
| III | ഐശ്വര്യപ്രദായനി കണ്ണാട്ട് മുക്ക്, ഭാഗം I (ടെണ്ടർ) | വിജയൻ | 24/06/19 | 27/06/19-12/07/19 | 20.06.2019 |
| III | ഐശ്വര്യപ്രദായനി കണ്ണാട്ട് മുക്ക്, ഭാഗം II (ടെണ്ടർ) | വിജയൻ | 24/06/19 | 25/06/19-12/07/19 | 20.06.2019 |

| | | | | | |
|---|---|---|---|---|---|
| XI | പുത്തൻമഠം തണ്ടാശ്ശേരിൽ, ഭാഗം II | വിജയൻ | 02.06.2019 | 02.06.2019-09.07.19 | 20.06.2019 |
| XI | പുത്തൻമഠം തണ്ടാശ്ശേരിൽ, ഭാഗം I | വിജയൻ | (4352-53) 26/6/18 | 09.07.19-15.07.19 | 20.06.2019 പാർട്ട്ബിൽ-5520 |

വേലശ്ശേരിൽ മരയ്ക്കാശ്ശേരിൽ രണ്ട് ഫയൽ ട്രാക്കിംഗ് ഫോറം സൂക്ഷിച്ചിട്ടുണ്ട്. ഒന്നിൽ പ്രാഥമിക മസ്റ്റർ റോൾ രേഖപ്പെടുത്തിയത് വൈറ്റ്നർ ഉപയോഗിച്ച് മസ്റ്റർ റോൾ നമ്പർ (6029-31)07/07/18 എന്നത് 4600-602 എന്നും തീയതി 13.06.19എന്നും തിരുത്തൽ വരുത്തുകയും കോളം 3-ൽ 6029-31/06.07.19 എന്ന് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. 13.06.19, 26.06.19, 06.07.19, 22.07.19 ദിവസങ്ങളിൽ മസ്റ്റർറോൾ എടുത്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയ്ക്കായി രണ്ട് തവണ മസ്റ്റർ റോൾ എടുത്തിരിക്കുന്നു എന്ന് വ്യക്തമാണ്. മറ്റൊന്നിൽ (ഫയൽ ട്രാക്കിംഗ് ഫോറം) 07.07.18, 13.06.19, 26.06.19, 22.07.19 ദിവസങ്ങളിൽ മസ്റ്റർറോൾ എടുത്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് തവണ മസ്റ്റർ റോൾ എടുത്തത് കാരണം (7.07.18, 06.07.19) അധികമായി അനുവദിച്ച തുക അക്രഡിറ്റഡ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഐശ്വര്യപ്രദായനി കണ്ണാട്ട് മുക്ക്-ഭാഗം I, ഭാഗം II, പുത്തൻമഠം തണ്ടാശ്ശേരിൽ-ഭാഗം II എന്നിവയും വാർഡ് 13-ലെ ഉദയപുരം കാടാശ്ശേരി നടപ്പാതയും 29.05.19-ലെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ നിലവിൽ കരാർ ചമച്ചവർക്ക് സപ്ലിമെന്ററി കരാർ ചമച്ച് സപ്ലൈ ഓർഡർ പുതുക്കി നൽകുന്നതിനും തീരുമാനിച്ചിരുന്നു.

5. <u>നിലവിൽ മെറ്റലിംഗ് ചെയ്ത റോഡുകൾ കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി ഏറ്റെടുത്തിരിക്കുന്നു</u>

പാണ്ഡവർകാവ്-വില്ലേജ് ഓഫീസ് നടപ്പാത കോൺക്രീറ്റിംഗ്(X), 2008-09 ൽ സെക്കന്റ് മെറ്റലിംഗ് ചെയ്തതായും ആശുപത്രി കനാൽ കല്യേൽ റോഡ് (XI) 2013-14 ൽ മെറ്റലിംഗ് ചെയ്തതായും പരാതിയിൽ അറിയിച്ചിരുന്നു. സ്ഥലപരിശോധന നടത്തിയതിൽ പാണ്ഡവർകാവ്-വില്ലേജ് ഓഫീസ് നടപ്പാത മെറ്റലുകളെല്ലാം ഒഴുകിപ്പോയ അവസ്ഥയിലാണ്. എന്നാൽ ആശുപത്രി കനാൽ കല്യേൽ റോഡ് മെറ്റൽ റോഡാണ്. എന്നാൽ അസറ്റ് രജിസ്റ്ററിൽ ഗ്രാവൽ ((350m)x3.5) റോഡാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മെറ്റൽ റോഡിൽ ടാറിംഗ് നടത്തേണ്ടതിന് പകരം കോൺക്രീറ്റിംഗിനായി പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

6. <u>കരാറുകാർ സെക്യൂരിറ്റി ഡപ്പോസിറ്റ് ഒടുക്കിയതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.</u>

മെറ്റീരിയൽ സപ്ലൈ സംബന്ധിച്ച് കരാർ നിബന്ധന പ്രകാരം പെർഫോമൻസ് സെക്യൂരിറ്റിയായി അടങ്കൽ തുകയുടെ 5% ബാങ്ക് ഗ്യാരണ്ടി കരാർ സമയത്ത് ഹാജരാക്കേണ്ടതാണ്. 16.04.18ലെ 1(1) കമ്മറ്റി തീരുമാനത്തിലും എസ്റ്റിമേറ്റ് തുകയുടെ 5% ക്യാഷ് ആയോ ബാങ്ക് ഗ്യാരണ്ടി ആയോ കരാറുകാരിൽ നിന്നും വാങ്ങി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ അപ്രകാരമുള്ള രേഖകളൊന്നും തന്നെ ഫയലിനോടൊപ്പം ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഫിക്സഡ് ഡപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ അപ്രകാരം ഒരു രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

7. <u>ഒരു റോഡ് വിഭജിച്ച് പല പ്രവൃത്തികളായി ഒരേ വർഷം മാറ്റിയിരിക്കുന്നു</u>

15 റോഡുകൾ രണ്ട് ഭാഗങ്ങളായി നടപ്പിലാക്കുന്നതിനാണ് പദ്ധതികൾ ആവിഷ്കരിച്ചിരുന്നത്. ഒരേ വർഷം നടപ്പിലാക്കേണ്ടുന്ന പ്രവൃത്തികൾ ഇപ്രകാരം രണ്ട് ഭാഗങ്ങളായി ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. ടെണ്ടർ, ക്വട്ടേഷൻ എന്നിവയിലൂടെ അംഗീകരിച്ച് നൽകിയപ്പോൾ റോഡുകളുടെ രണ്ട് ഭാഗങ്ങളും ഒരേ കരാറുകാർക്ക് തന്നെയാണ് അനുവദിച്ചിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.09.2015-ലെ 2688/15/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതികളുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവയുടെ അധികാര പരിധി പുതുക്കികൊണ്ട് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് ഓവർസിയർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതും മെഷർമെന്റ് എടുക്കാവുന്നതുമായ തുകയുടെ പരിധി 5 ലക്ഷം രൂപയാണ്. ഈ ഉത്തരവ് പ്രകാരം എൽ.എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നല്കാവുന്നതും, ചെക്ക് മെഷർമെന്റ് എടുക്കാവുന്നതുമായ തുകയുടെ പരിധിയും 5 ലക്ഷം രൂപയാണ്. 5 ലക്ഷം

രൂപയ്ക്ക് മുകളിൽ വരുന്ന തുകയ്ക്കുള്ള പ്രവർത്തികളുടെ മെഷർമെന്റ് എടുക്കേണ്ടത് എൽ.എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറും സാങ്കേതികാനുമതി നല്കൽ, ചെക്ക് മെഷർമെന്റ് എടുക്കൽ എന്നിവ എൽ.എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് നിർവ്വഹിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയപ്പോൾ മുകൾ തട്ടിലെ അധികാര പരിധിയിലേക്ക് സാങ്കേതികാനുമതി നൽകൽ, മെഷർമെന്റ് എടുക്കൽ, ചെക്ക് മെഷർമെന്റ് എടുക്കൽ എന്നിവ എത്തിപ്പെടാതിരിക്കുന്നതായിട്ടാണ് ഇപ്രകാരം പ്രവൃത്തികൾ വിഭജിച്ച് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കരുതുന്നു.

8. <u>റോഡുകൾ, നടവഴികൾ പഞ്ചായത്തിന്റെ ആസ്തിയായി മാറ്റപ്പെടുന്നില്ല</u>

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രൂപീകരണ കമ്മറ്റി അംഗീകരിച്ച 49 റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനായി 11.07.2019ലെ 7/3,7/4 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ സ്ഥല ഉടമകളിൽ നിന്നും ലാന്റ് റിലിംഗ്വിഷ്മെന്റ് ഫോറത്തിൽ ഒപ്പിട്ട് വാങ്ങുകയോ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ഭൂമി വിട്ടൊഴിയൽ സംബന്ധിച്ച നടപടിക്രമങ്ങളിലൂടെ പഞ്ചായത്തിന്റെ ആസ്തിയായി മാറ്റിയിട്ടില്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാതെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ തുടരുന്നു.

9. <u>കരാർ രജിസ്റ്റർ അപൂർണ്ണം</u>

കരാർ രജിസ്റ്റർ എന്ന പേരിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കരാർ തീയതി, കരാർ തുക എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ നിർവ്വഹണാധികാരി ഇതു സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

10. <u>പ്രൊക്യൂർമെന്റ് കമ്മറ്റി</u>

തൊഴിലുറപ്പ് പദ്ധതിയിൽ ഉൽപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 26.01.18 തീയതിയിൽ ഒരു കമ്മറ്റി കൂടിയെങ്കിലും പിന്നീട് 12.05.2019-ൽ മാത്രമാണ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളത്. 2018-19 വർഷം സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി പ്രൊക്യൂർമെന്റ് കമ്മറ്റി കൂടിയിട്ടില്ല. 2019-2020 വർഷത്തെ കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനാണ് 12.05.2019ൽ കമ്മറ്റി കൂടിയിരിക്കുന്നത്.

ഒരു വർക്കിൽ പോലും സൈറ്റ് ഹാന്റ് ഓവർ ചെയ്യാതെയാണ് മെറ്റീരിയൽസ് സൈറ്റിൽ എത്തിച്ചത്. മേൽ പറഞ്ഞ പ്രകാരം നിയമാനുസൃതമായ നടപടിക്രമങ്ങളൊന്നും സ്വീകരിക്കാതെയും യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചുമാണ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വകയിരുത്താവുന്ന പരമാവധി തുക ആകെ ചെലവിന്റെ 30% ആയി നിജപ്പെടുത്തേണ്ടതാണെന്ന് 09/17-ലെ സ.ഉ(സാധാ)3134/2017/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത നിർദ്ദേശം 57 മെറ്റീരിയൽ വർക്കുകൾ നിർവ്വഹണ പദ്ധതിയിൽ ഉൾപ്പെടുത്തിയ 2017-18 ലോ തുടർന്നോ പാലിച്ചിട്ടില്ല. ഈ പദ്ധതിയിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് യുക്തമായ തുടർ അന്വേഷണങ്ങൾക്ക് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 1-17 തൊഴിലുറപ്പു പദ്ധതി - നടത്തിപ്പിൽ സുതാര്യതയില്ല

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പു മുഖേന നടപ്പാക്കിയ വാർഡ് 7 ൽ നഴ്സറി രൂപീകരണവും പരിപാലനവും എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ തൊഴിലാളികൾ പ്രവർത്തി ചെയ്യുന്നത് രേഖപ്പെടുത്തുന്ന മസ്റ്റർ റോളുകൾ കൈകാര്യം ചെയ്യുന്നതിലും വേതനം കണക്കാക്കുന്നതിലും ഗുരുതരമായ കൃത്യ വിലോപം നടത്തുന്നതായി വ്യക്തമായി.

1. ഫയൽ ട്രാക്കിംഗ് ഫോറം പ്രകാരം 749,1306 എന്നീ മസ്റ്റർ റോളുകളാണ് മേൽ പ്രവർത്തിക്കായി ബ്ലോക്കിൽ നിന്നും ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടുള്ളത്. എന്നാൽ 21.05.2018 മുതൽ 26.05.2018 വരെയുള്ള ദിവസങ്ങളിൽ 956 എന്ന നമ്പരിലുള്ള മസ്റ്റർ റോളിലാണ് തൊഴിലാളികൾ ഒപ്പിട്ടിരിക്കുന്നത്.

2. 956 എന്ന നമ്പരിലുള്ള മസ്റ്റർ റോളിൽ 21.05.2018 മുതൽ 26.05.2018 വരെയുള്ള ദിവസങ്ങളിൽ ചുവടെ പേരു ചേർക്കുന്ന തൊഴിലാളികൾ ഒപ്പിട്ട് ആകെ പ്രവർത്തി ദിനം കണക്കാക്കി അവർക്ക് കൊടുക്കേണ്ട വേതനവും നിശ്ചയിച്ചിരുന്നു. എന്നാൽ ഈ മസ്റ്റർ റോളിൽ തന്നെ ഇവരുടെ പേരുകൾ വെട്ടിമാറ്റി വേതനം അനുവദിക്കാതിരിയ്ക്കുകയും ചെയ്തിട്ടുണ്ട് .

| പേര് | രജിസ്റ്റർ നമ്പർ |
|---|---|
| മായാ സതീഷ് | kl-11-009-007-007/147-A |
| വിജയൻ .കെ | kl-11-009-007-007/160 |
| സുദേശൻ .കെ | kl-11-009-007-007/187 |
| മന്ദാകിനി | kl-11-009-007-007/187 |

ഈ തൊഴിലാളികൾ മേൽ ദിവസങ്ങളിൽ പ്രവ്യത്തിയിൽ ഏർപ്പെട്ടിരുന്നോ എന്നും ഇല്ലായെങ്കിൽ അവരുടെ പേര് മസ്റ്റർ റോളിൽ ഉൾപ്പെടുവാനും പിന്നീട് വെട്ടിമാറ്റുവാനുമുള്ള കാരണവും വ്യക്തമാക്കിയിട്ടില്ല.

3. 21.05.2018 മുതൽ 26.05.2018 വരെയുള്ള ദിവസങ്ങളിൽ മസ്റ്റർ റോളിൽ മേറ്റായി ഒപ്പിട്ടിരിയ്ക്കുന്നത് ശ്രീമതി മായാ സതീഷ് ആണ്. എന്നാൽ രേഖകൾ പ്രകാരം ഈ ദിവസങ്ങളിൽ ടിയാൾക്ക് ഹാജർ ഇല്ല. ഈ സാഹചര്യത്തിൽ പ്രവ്യത്തിയുടെ മേൽ നോട്ടം മറ്റാരെയെങ്കിലും ഏൽപ്പിച്ചിരുന്നോ എന്നതിനും വ്യക്തത വരുത്തിയിട്ടില്ല.

4. പ്രവൃത്തിദിവസമായ 15.05.2018-ലും ശ്രീമതി മായാ സതീഷ് ഹാജരല്ലായിരുന്നു. എന്നാൽ അന്നേ ദിവസവും ടിയാൾ മേറ്റ് എന്ന നിലയിൽ മിനിട്ട്സ് എഴുതി ഒപ്പിട്ടിട്ടുണ്ട്.

മേൽ അപാകങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം 04.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ 956 നമ്പരിലുള്ള മസ്റ്റർ റോൾ ഫയൽ ട്രാക്കിംഗ് ഫോറത്തിൽ എഴുതുവാൻ വിട്ടുപോയതാണെന്നും ഇഷ്യൂ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പട്ടികയിൽ പേര് ചേർത്തിട്ടുള്ള തൊഴിലാളികൾ പണി സ്ഥലത്ത് ഹാജരായിരുന്നില്ല എന്ന് പരിശോധനയിൽ മനസ്സിലായെന്നും എന്നാൽ മസ്റ്റർ റോൾ ഹാജരാക്കിയപ്പോൾ അവർ ഹാജർ അടയാളപ്പെടുത്തിയതിനാലാണ് വെട്ടി മാറ്റിയതെന്നും അറിയിച്ചു. ആവശ്യമായ മേൽ നോട്ടമോ പരിശോധനയോ കൂടാതെയാണ് മസ്റ്റർ റോളുകൾ കൈകാര്യം ചെയ്യുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കണ്ടതാണ്.

# 1-18 പി.എസ്സ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി - പദ്ധതി അടങ്കലിനേക്കാൾ അധിക തുക ചെലവഴിച്ചു

| പ്രോജക്റ്റ് നം./ അടങ്കൽ | തൻവർഷം ചെലവ് | ബിൽ നം. | ചെലവ് വിശദാംശം | റിമാർക്സ് |
|---|---|---|---|---|
| 50/18-19 1,46,900/- (വികസനഫണ്ട്) | 24700 | 7/15.09.18 | 18.07.2018 മുതൽ 31.08.2018 വരെയുള്ള കാലയളവിൽ 19 ദിവസത്തെ പ്രതിഫലം പരിശീലകയ്ക്ക് നൽകിയത്. | പ്രസ്തുത തുക ആദ്യം പ്രോജക്റ്റ് നം. 54/18-19-ൽപ്പെടുത്തി തെറ്റായി പിൻവലിക്കുകയും പിന്നീട് പ്രസ്തുത തുക പരിശീലകയുടെ അക്കൗണ്ടിലേക്ക് മാറ്റിനൽകുകയാണ് ചെയ്തത്. |
| | 23400 | 10/20.10.18 | 2018 സെപ്റ്റംബർ മാസത്തിലെ 19 ദിവസത്തേക്കുള്ള വേതനം നൽകിയത്. | |
| | 20800 | 12/04.11.18 | 2018 ഒക്ടോബറിൽ 16 ദിവസത്തെ വേതനം. | |

| | | | | |
|---|---|---|---|---|
| | 23400 | 14/12.12.18 | 2018 നവംബറിലെ 18 ദിവസത്തെ വേതനം. | |
| | 23400 | 16/17.01.19 | 2018 ഡിസംബറിലെ 18 ദിവസത്തെ വേതനം. | |
| | 20800 | 21/05.02.19 | 2019 ജനവരിയിലെ 16 ദിവസത്തെ വേതനം. | |
| | 15600 | 24/25.03.19 | 2019 ഫെബ്രുവരിയിലെ 12 ദിവസത്തെ വേതനം. | |
| ആകെ | 152100 | | | |

മേൽ പദ്ധതിക്കു കീഴിൽ ഓഡിറ്റ് വർഷം ആകെ 1,52,100/- രൂപ പരിശീലകയായ ശ്രീമതി.ലതാ രാജഗോപാൽ, സദ്ഗമയ, മഠത്തിൽ കാരാഴ്മ, ഓച്ചിറ എന്നയാൾക്ക് നൽകി. പദ്ധതി നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിരേഖ പ്രകാരം ഒരു വർഷത്തേക്ക് ക്ലാസ്സെടുക്കുന്നതിനാണ് ശ്രീമതി.ലതാ രാജഗോപാലിനെ നിയോഗിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം പരിശീലകയായി ശ്രീമതി.ലതാ രാജഗോപാലിനെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം, ഇതിന് ഉപോൽബലകമായ പഞ്ചായത്ത് ഭരണസമിതി തീരുമാനം, പരിശീലനം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഫയലിലെ രേഖകൾ പ്രകാരം ടിയാരി 18.07.2018 മുതൽ ക്ലാസ്സ് ആരംഭിച്ചിട്ടുണ്ട്. എന്നാൽ പരിശീലക എന്ന നിലയിൽ ടിയാരി പഞ്ചായത്തുമായി കരാർ വച്ചിട്ടുള്ളത് 04.09.2018-ൽ മാത്രമാണ്. പ്രസ്തുത കരാർ ആകട്ടെ പൂർണ്ണമല്ല.
2. ഈ പദ്ധതിക്കുകീഴിൽ ഗുണഭോക്താക്കളായിട്ടുള്ളവർ ആരൊക്കെയാണെന്നും അവരുടെ ഹാജർ വിവരവും ഫയലിൽ വ്യക്തമല്ല.
3. അംഗീകൃത പദ്ധതിരേഖ പ്രകാരം ഈ പദ്ധതിക്കുകീഴിൽ ചെലവഴിക്കാവുന്ന ആകെത്തുക ഒരു വർഷകാലത്തേക്ക് 1,46,900/- രൂപയാണ്. എന്നാൽ ഓഡിറ്റ് വർഷം മാത്രം പ്രസ്തുത പദ്ധതിയിൽ 1,52,100/- രൂപ (5200/- രൂപ അധികം) ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല 2019 മാർച്ച് മാസത്തിലെ 15 ദിവസത്തെ വേതനം 19,500/- രൂപ സ്പിൽ ഓവർ പദ്ധതി എന്ന നിലയിൽ 2019-20 വർഷം (ബിൽ നം. 1/25.4.2019) ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 24,700/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് പരിശീലകയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നുമോ തിരികെ ഈടാക്കേണ്ടതാണ്.
4. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല.

മേൽ അപാകതകൾ മുൻനിർത്തി ഈ പദ്ധതിക്കുകീഴിൽ ഓഡിറ്റ് വർഷം ചെലവഴിച്ച 1,52,100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരാമർശിച്ച വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 നെൽകൃഷി വികസനം-കൂലിച്ചെലവ് സബ്സിഡി-പദ്ധതി നിർവ്വഹണം സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ - S066/19

അടങ്കൽ - 243380/-

(241880/- {വികസനഫണ്ട് സാധാരണവിഹിതം} + 1500/- {ഗുണഭോക്തൃവിഹിതം നേരിട്ട്})

ബിൽ നമ്പർ - 5/28.12.18 – 111360/-

6/28.12.18 -55040/-

നിർവ്വഹണം - കൃഷിഓഫീസർ

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ. തീ. 14.2.18 നമ്പർ സബ്സിഡി മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 6-1-6 പ്രകാരം ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി തുക 17,000/- രൂപയാണ്. എന്നാൽ ചുവടെ

ചേർത്തിരിക്കുന്ന കർഷകർക്ക് കൂലിചെലവ് അനുവദിച്ചപ്പോൾ അവർ കൃഷി ചെയ്ത ഭൂവിസ്തൃതിക്ക് ആനുപാതികമായി (അപേക്ഷയ്ക്കൊപ്പമുള്ള കരം ഒടുക്കിയ രസീത് പ്രകാരമുള്ള ഭൂമിയുടെ അളവ്) കൂലിചെലവ് നൽകാതെ കൂടിയ നിരക്കിൽ നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൃഷിഭൂമിയുടെ വിവരം | | | കൂലിചെലവ് | | |
|---|---|---|---|---|---|---|---|
| | | സർവ്വേ നമ്പർ | വസ്തുവിന്റെ അളവ് | | അനുവദിച്ചത് | അനുവദിക്കാവുന്നത് | കൂടുതൽ |
| | | | ആർസ് | സെന്റ് | | | |
| 1. | സോമൻ<br>പാലപ്പള്ളിൽ, | 296/13<br>303/8<br>296/9 | 08.70<br>08.10<br>17.95<br>------<br>34.75 | 85.8325 | 9690<br>(10065 - 375, കുമ്മായം വാങ്ങുന്നതിന് അനുവദിച്ച സബ്സിഡി 375/- രൂപ കുറവ് ചെയ്തതിന് ശേഷമുള്ള തുക) | 5837 | 3853 |
| 2. | ജ്യോതി,<br>രാജ് ഭവൻ | 305/14<br>305/11-2<br>305/4<br>305/11-1<br>305/6<br>305/5<br>472/8 | 05.20<br>02.83<br>08.10<br>04.62<br>09.30<br>07.80<br>18.50<br>-------<br>56.35 | 139.1845 | 13600<br>(14350 – 750, കുമ്മായം വാങ്ങുന്നതിന് അനുവദിച്ച സബ്സിഡി 750/- രൂപ കുറവ് ചെയ്തതിന് ശേഷമുള്ള തുക) | 9465 | 4135 |
| | ആകെ | | | | | | 7988/- |

ഉയർന്ന നിരക്കിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 15/30-09-19 നുള്ള മറുപടിയ്ക്കൊപ്പം സോമൻ പാലപ്പള്ളിൽ എന്നയാൾ കൃഷി ചെയ്ത സ്ഥലത്തിന്റേതായി മണ്ണാറത്തറ വീട്ടിൽ ബാലകൃഷ്ണപിള്ള, മാതാവ് ദേവകിയമ്മ എന്നിവരുടെ പേരിൽ 304/8/2 സർവ്വേ നമ്പരിലുള്ള 10.11 ആർസ് വസ്തുവിന്റേയും മണ്ണാറത്തറ വീട്ടിൽ ബാലകൃഷ്ണപിള്ളയുടെ പേരിലുള്ള 305/1 സർവ്വേ നമ്പരിലുള്ള 8 ആർസ് വസ്തുവിന്റേയും 304/6-2 ലുള്ള 06.7 ആർസ് വസ്തുവിന്റയും കരം ഒടുക്കിയ രസീതും പാട്ടകൃഷി ചെയ്യാൻ അനുമതി നൽകി കൊണ്ടുള്ള വെള്ളപേപ്പറിലുള്ള അനുമതി പത്രവും ഹാജരാക്കിയിട്ടുണ്ട്. ജ്യോതി, രാജ് ഭവൻ എന്നയാൾ കൃഷി ചെയ്ത സ്ഥലത്തിന്റേതെന്ന പേരിൽ രാജ്ഭവനിൽ രാജേന്ദ്രന്റെ പേരിലുള്ള 306/5 സർവ്വേ നമ്പരിലുള്ള 3.75 ആർസ് വസ്തുവിന്റയും പാലപ്പള്ളി തറയിൽ ജനാർദ്ദനൻ നായരുടെ പേരിലുള്ള 303/9 സർവ്വേ നമ്പരിലുള്ള 6.50 ആർസ് വസ്തുവിന്റയും 303/12 സർവ്വേ നമ്പരിലുള്ള 9.02 ആർസ് വസ്തുവിന്റയും 303/13 സർവ്വേ നമ്പരിലുള്ള 6.18 ആർസ് വസ്തുവിന്റയും കരം ഒടുക്കിയ രസീതും പാട്ടകൃഷി ചെയ്യാൻ അനുമതി നൽകി കൊണ്ടുള്ള വെള്ളപേപ്പറിലുള്ള അനുമതി പത്രവും ഹാജരാക്കിയിട്ടുണ്ട്.എന്നാൽ നെൽവിത്ത് വിതരണ രജിസ്റ്ററിൽ കൃഷി ചെയ്ത സ്ഥലത്തിന്റെ സർവ്വേ നമ്പരും അളവും രേഖപ്പെടുത്തിയ കോളത്തിൽ മറുപടിയ്ക്കൊപ്പം ലഭ്യമാക്കിയ മേൽ സർവ്വേ നമ്പരിലുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ "അപേക്ഷയ്ക്കൊപ്പം ലഭിച്ച കരക്കുറികളിൽ തന്നാണ്ട് (18-19) അടച്ച രസീതുകൾ അല്ലാത്തത് മാറി നൽകാൻ കർഷകരോട് ആവശ്യപ്പെട്ടിരുന്നു. പിന്നീട് അവർ ഹാജരാക്കിയ കരക്കുറി അപേക്ഷക്കൊപ്പം ഉള്ളടക്കം

ചെയ്യാതിരുന്നതിനാലാണ് വ്യത്യാസം വന്നതെന്നും പുതുക്കിയ കരക്കുറികൾ ഇപ്പോൾ ഹാജരാക്കുന്നുവെന്നും വ്യക്തമാക്കി". എന്നാൽ മാറ്റികിട്ടിയതായി ഹാജരാക്കിയ കരക്കുറികളെല്ലാം 16-17, 17-18 വർഷങ്ങളിൽ കരം ഒടുക്കിയതിന്റേതാണ്. ക്രമനമ്പർ രണ്ടായി ഉൾപ്പെടുത്തിയിട്ടുള്ള ജ്യോതി, രാജ് ഭവൻ എന്നയാൾ ഹാജരാക്കിയ 305/14, 305/11-2 സർവ്വേ നമ്പരിലുള്ള വസ്തുവിന്റെ 2017-18 വർഷത്തെ കരം ഒടുക്കിയ (34820/3481971/6.6.17) രസീതും 305/4 സർവ്വേ നമ്പരിലുള്ള വസ്തുവിന്റെ 2016 വർഷത്തെ കരം ഒടുക്കിയ (31174/3117398/29.6.16) രസീതും 305/11-1, 305/6, 305/5 സർവ്വേ നമ്പരിലുള്ള വസ്തുവിന്റെ 2017-18 വർഷത്തെ കരം ഒടുക്കിയ (34820/3481972/6.6.17) രസീതും 472/8 സർവ്വേ നമ്പരിലുള്ള വസ്തുവിന്റെ 2017-18 വർഷത്തെ കരം ഒടുക്കിയ (34818/3481753/305.17) രസീതുമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. കൂടാതെ ആനുകൂല്യം ലഭിച്ച പല ഗുണഭോക്താക്കളും 2016-17, 2017-18 വർഷങ്ങളിൽ കരം ഒടുക്കിയതിന്റെ രസീതാണ് ഹാജരാക്കിയിട്ടുള്ളത്.

ഉദാ: - പരമേശ്വരൻ നായർ, അരിയൂർ എന്നയാൾ ഹാജരാക്കിയത് 2017-18 ലെ കരം ഒടുക്കിയ 55153/5515231/26.12.17, 55153/5515231/26.12.17 നമ്പർ രസീത്

ചന്ദ്രൻപിള്ള, സ്രമ്പിക്കൽ പടീറ്റതിൽ എന്നയാൾ ഹാജരാക്കിയത് 2016-17 ലെ കരം ഒടുക്കിയ 28070/2806921/29.9.16 നമ്പർ രസീത്, 2017-18 ലെ കരം ഒടുക്കിയ 55023/5502246/30.10.2017 നമ്പർ രസീത്

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ അർഹതാ രേഖകൾ കൃത്യമാക്കി മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കറവപശു പരിപാലനം - ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ ഇല്ല

കറവപശു പരിപാലനം പ്രോജക്ടിലുൾപ്പടുത്തി കാലിത്തീറ്റ വിതരണത്തിനായി ജനറൽ/എസ്സ്.സി. വിഭാഗത്തിലുള്ളവർക്കായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിരുന്നു. ക്ഷീരോത്പാദക സഹകരണ സംഘം A-32, മുതുകുളം, ക്ഷീരോത്പാദക സഹകരണ സംഘം A- 90 D, മുരിങ്ങച്ചിറ എന്നീ സഹകരണ സംഘങ്ങൾക്കാണ് കാലിത്തീറ്റ വാങ്ങിയതിന്റെ തുക അനുവദിച്ചിട്ടുള്ളത്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ആകെ ആവശ്യമായ കാലിത്തീറ്റയുടെ വിലയ്ക്ക് വെറ്ററിനറി സർജന്റെ പേരിൽ ഒറ്റ ബിൽ നൽകി തുക ക്ഷീരോത്പാദക സഹകരണസംഘത്തിന് അനുവദിച്ച ശേഷം ഗുണഭോക്താക്കൾക്ക് പെർമിറ്റ് അനുവദിക്കുന്ന രീതിയാണ് പിൻതുടരുന്നത്. എന്നാൽ ഈ പെർമിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിനാൽ തന്നെ എല്ലാ ഗുണഭോക്താക്കളും കാലിത്തീറ്റ സംഘത്തിൽ നിന്ന് വാങ്ങിയിരുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ഗുണഭോക്താക്കൾ കാലിത്തീറ്റ സംഘത്തിൽ നിന്ന് വാങ്ങിയതിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടിലുമായി ചെലവഴിച്ച തുകയുടെ കൃത്യത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾ ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 14/തീയതി, 30-09-2019 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ചെലവിനെ സാധൂകരിക്കുന്നതിനായി സംഘത്തിന്റെ രജിസ്റ്ററുകൾ ലഭ്യമാക്കുകയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1311125/- രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | പ്രോജക്ട് നമ്പർ - SO067/18 ജനറൽ<br>അടങ്കൽ - 1600000/-<br>(8,00,000/- {വികസനഫണ്ട് - സാധാരണ വിഹിതം} +<br>8,00,000/- {ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത്})<br>ബിൽ നം. GAB 3/18-19 31.12.18 – 206625/-<br>GAB 6/18-19 19.3.19 -- 255000/-<br>ഗുണഭോക്തൃവിഹിതം - 800000/- |
| 2. | പ്രോജക്ട് നമ്പർ - SO078/18-19 പട്ടികജാതി വിഭാഗം |

| | |
|---|---|
| | അടങ്കൽ - 150000/-<br>(50,000/- {വികസനഫണ്ട് - പട്ടികജാതി വിഹിതം} +<br>50,000/- {ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത്})<br>ഗുണഭോക്തൃവിഹിതം - 49500/- ചെക്ക് നമ്പർ - 11743/31.3.19 |

## 1-21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനം മരുന്ന് വിതരണം ചെയ്തില്ല

2018-19 സാമ്പത്തികവർഷം ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 07/2019 | ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നും, മരുന്ന് വിതരണത്തിനാവശ്യമായ സാമഗ്രികളും വാങ്ങൽ. | 2,00000<br>(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 01/18-19<br>26.09.2018 | 1,50,220 | 49,780 |

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

ഗവ. ഏജൻസികളിൽ നിന്നും മരുന്ന് ലഭിക്കുവാൻ കാലതാമസമുണ്ടാകുന്ന ഇത്തരത്തിലുള്ള സാഹചര്യം മറികടക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ/ക്വട്ടേഷൻ വിളിച്ച് പുറമേ നിന്നും മരുന്ന് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നം.ഡി.എ.1/840/17 തസ്വഭവ. തീയതി, 16.12.2017).

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ -അർഹതാ രേഖകൾ ഇല്ലാതെ ആനുകൂല്യം അനുവദിച്ചു

പ്രോജക്ട് നമ്പർ - S0083/17

അടങ്കൽ - 100000/- (വികസനഫണ്ട്- പട്ടികജാതി)

ബിൽ നമ്പർ - 19/13.2.19 – 71712/-

നിർവ്വഹണം - എച്ച്.എം.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പ്രോജക്ടിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 24 വിദ്യാർത്ഥികൾക്ക് സ്റ്റീൽ ടേബിൾ (3x2x2 1/2, 22 ഗേജ്), സ്റ്റീൽ കുഷ്യൻ ചെയർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ, അർഹത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 8/26-09-2019 നൽകിയെങ്കിലും രേഖകൾ പിന്നീട് ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചത്. അർഹതാ രേഖകൾ ഹാജരാക്കുന്നതു വരെ 71712/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 രേഖകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഓഡിറ്റ് അന്വേഷണം നം. 11/27.09.19 മുഖേന ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്കായി ലഭിച്ചില്ല.

| പ്രോജക്ട് നം/പേര് | ബിൽ നം./തീയതി | തുക (രൂപയിൽ) | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (രൂപയിൽ) |
|---|---|---|---|---|
| 99/18-19/പട്ടിക ജാതികുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കൽ | 2/13.05.18 | 198000 | മധു | 66000 |
| | | | വിലാസിനി | 66000 |
| 92/18-19/ എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട് നം. 52010154128419 ലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ | | മധു | 70000 |
| 96/18-19/പട്ടികജാതി കുടുംബത്തിന് പൈപ്പ് കണക്ഷൻ | 4/13.05.18 | 35000 | ശ്രീജിത്ത് | 7000 |
| | | | ബിന്ദു | 7000 |
| | | | രമണി | 7000 |
| | | | സതി | 7000 |
| | | | ഉണ്ണികൃഷ്ണൻ.ബി | 7000 |
| 31/18-19/കിണർ നിർമ്മാണം | 40/22.03.19 | 15000 | വിജയമ്മ | 15000 |
| | | | ആകെ | 252000 |

അർഹതാ രേഖകളുടെ അഭാവത്തിൽ 2,52,000/-രൂപയുടെ ചെലവ് തടസ്സപ്പെടുന്നു. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-24 ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കുന്നില്ല

ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും നടപ്പിലാക്കുന്നില്ല. ആയതിനാൽ ഈ ഫണ്ട് ഗ്രാമപഞ്ചായത്തിന് നഷ്ടമാവുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം ശുചിത്വമിഷൻ ഫണ്ടിനത്തിൽ 21,56,890/- രൂപ ബാലൻസുണ്ട്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 8,47,440/- രൂപ ഒ.ഡി.എഫ് റീക്യൂപ്പ്മെന്റ് ഇനത്തിൽ ലഭിച്ചതാണെന്നും ബാക്കി തുക മാലിന്യ സംസ്കരണ പദ്ധതിക്ക് ലഭിച്ചതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒ.ഡി.എഫ്. റീക്യൂപ്പ്മെന്റ് തുക വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ടെന്നും മറുപടി നൽകി. മാലിന്യ സംസ്കരണത്തിനായി ലഭിച്ച ശുചിത്വ മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക നഷ്ടമാകാൻ ഇടയാവുന്നതാണ്.

## 1-25 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

2018-19 സാമ്പത്തിക വർഷം 15 സ്പിൽഓവർ പദ്ധതികളുൾപ്പെടെ ആകെ 46 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 22 എണ്ണത്തിനാണ് അസിസ്റ്റന്റ് എഞ്ചിനീയർ തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ, കോംപൻസേഷൻ എന്നിവ ഈടാക്കുന്നുണ്ടെങ്കിലും അവസാന അളവ് രേഖപ്പെടുത്തിയതിന് ശേഷമാണ് കാലയളവ് ദീർഘിപ്പിക്കുന്നത്. പി.ഡബ്ല്യൂ.ഡി. മാനുവൽ അനുശാസിക്കും പ്രകാരം കാലതാമസത്തിന് പിഴ

ഈടാക്കിക്കൊണ്ട് സപ്ലിമെന്ററി കരാർ ചമയ്ക്കുന്നില്ല. PWD മാനവൽ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ കരാറുകാരിൽ നിന്നും അപേക്ഷ സ്വീകരിച്ചുകൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കേണ്ടതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിനും സപ്ലിമെന്ററി കരാർ ചമയ്ക്കുന്നില്ല.

ഉദാ: 2017-18 വർഷം (08.12.17) കരാർ ചമച്ച പുതിയവീട് ജംഗ്ഷൻ നെടുംപള്ളിൽ വീട് പുനരുദ്ധാരണം എന്ന പ്രവൃത്തി ഹൈക്കോടതി ഉത്തരവ് പ്രകാരം താത്കാലികമായി നിർത്തിവെച്ചിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിന്നീട് പുനരാരംഭിച്ചെങ്കിലും പൂർത്തീകരിച്ചത് 21.01.19 ലാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 28.01.2019-ലെ കത്തിൽ കാലാവധി 04.01.2019 വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് കാലാവധി ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകിയത്.

2. സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേററ് തയ്യാറാക്കുന്നത് കാരണം പ്രവൃത്തി ഉപേക്ഷിക്കുന്നു, അത് കാരണം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടുന്ന ഫണ്ട് നഷ്ടമാവുന്നു.

ഉദാ: 2017-18 വർഷം കരാർ ചമച്ച കോയിക്കലേത്ത് മണിഭവനം റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തി 2018-19ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല. 2019-20 ൽ എസ്റ്റിമേറ്റ് പുതുക്കി പുതിയ പദ്ധതിയായി ഏറ്റെടുത്തിട്ടുണ്ട്. 09.03.18 ൽ കരാറുകാരൻ എസ്റ്റിമേറ്റ് പുതുക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും കമ്മറ്റിയുടെ നിർദ്ദേശാനുസരണം വീണ്ടും പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യപ്പെടുകയാണ് ചെയ്തത്.

3. ഫില്ലിംഗിന് മാത്രമായി പദ്ധതികൾ ആവിഷ്കരിക്കുന്നു.

2018-19 വർഷം കരുണാമുറ്റം വാരണപ്പള്ളി റോഡ് ഫില്ലിംഗ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി (ചെയിനേജ് 370-590 മീറ്റർ) റോഡിൽ ക്വാറിമക്ക് ഫില്ലിംഗ്, സബ് ഗ്രേഡ് പ്രിപ്പറേഷൻ എന്നിവ നടത്തി പ്രവൃത്തി അവസാനിപ്പിച്ചിരിക്കുന്നു. 11.02.19 ൽ പൂർത്തീകരിച്ച പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,13,633/- രൂപ തൻവർഷം (ബിൽ നം.19/19.03.19) ചെലവഴിച്ചിട്ടുണ്ട്. 2019-20 ൽ ഈ റോഡിൽ മെറ്റലിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുമില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടാകുന്ന ഇത്തരം അപാകതകൾ തുടർവർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

# 1-26 പഞ്ചിംഗ് മെഷീൻ പ്രവർത്തനക്ഷമമല്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/2019<br>(പഞ്ചിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ) |
| ചെലവ് | 10620 (വികസനഫണ്ട്) |
| ബിൽ നമ്പർ/തീയതി | 16/18-10 തീയതി.21.11.18 |

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്നു പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ. പ്രസ്തുത പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 10,620/- രൂപ ചെവലഴിച്ചു.

പഞ്ചായത്ത് ഭരണസമിതിയുടെ 13.06.18 ലെ 3(5) നമ്പർ തീരുമാനപ്രകാരം പദ്ധതിക്കായി 15.06.18 ൽ ക്വട്ടേഷൻ പ്രസിദ്ധീകരിക്കുകയും ലഭിച്ച ക്വട്ടേഷനുകൾ 19.07.18 ലെ 2(8) നമ്പർ തീരുമാനപ്രകാരം കമ്മറ്റി അംഗീകരിക്കുകയും 23.07.18 ൽ വർക്ക് ഓർഡർ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഡിജിറ്റൽ ഇൻഫോസിസ്, വൈപ്പാറ ഭവൻ, എം.എൽ. റോഡ് കോട്ടയം എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു.

ESSL K 20 HD, A8LW180560670 എന്ന മോഡലിലുള്ള മെഷീൻ 23.07.18-ാം തീയതി കമ്പനിയുമായി 01/2018-19 നമ്പർ എഗ്രിമെന്റിൽ ഏർപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഓഫീസിൽ 24.07.18 ഉദ്ഘാടനം നടത്തി

സ്ഥാപിച്ചിട്ടിട്ടുണ്ട്.

പഞ്ചിംഗ് മെഷീൻ നിലവിൽ പ്രവർത്തക്ഷമമല്ലയെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. കമ്പനിയുടെ എഗ്രിമെന്റിൽ വാറണ്ടി പിരിയഡ് രണ്ട് വർഷക്കാലമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചിംഗ് മെഷീൻ പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടാണ് എന്നത് അധികൃതർ വ്യക്തമാക്കിയില്ല. പഞ്ചിംഗ് മെഷീന് എന്തെങ്കിലും തകരാറ് ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് കമ്പനിയെ രേഖാമൂലം അറിയിക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 13 നല്കിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. ചെലവഴിച്ച 10,620/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല - വൈദ്യുതചാർജ്ജ് ഇനത്തിൽ വൻ തുക നഷ്ടം

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജ് ഇനത്തിൽ പ്രതിമാസം ഒടുക്കിയിരുന്നത് 31,442/- രൂപ ആയിരുന്നുവെങ്കിൽ നിലവിൽ അത് 47,024/- രൂപയായി വർദ്ധിച്ചിരിക്കുന്നു. വർദ്ധനവിന്റെ പ്രധാന കാരണം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതാണ്. 26.06.2019 ൽ ലഭിച്ച വൈദ്യുതബോർഡിന്റെ ജോയിന്റ് വേരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. കെ.എസ്.ഇ.ബി. അധികൃതരുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1328 തെരുവ് വിളക്കുകളാണുള്ളത്.

| ക്രമ നം | ബൾബ് ഇനം | വാട്സ് | ബേണിംഗ് ഹവേഴ്സ് | എണ്ണം | കണക്റ്റഡ് ലോഡ് |
|---|---|---|---|---|---|
| 1 | സി.എഫ്.എൽ | 15 | 12 | 75 | 1125 |
| 2 | സി.എഫ്.എൽ | 30 | 12 | 80 | 2400 |
| 3 | എൽ.ഇ.ഡി | 30 | 12 | 980 | 29400 |
| 4 | എൽ.ഇ.ഡി | 12 | 12 | 147 | 1764 |
| 5 | ട്യൂബ് ലൈറ്റ് (സിംഗിൾ) | 40 | 12 | 30 | 1200 |
| 6 | ട്യൂബ് ലൈറ്റ് (ഡബിൾ) | 80 | 12 | 13 | 1040 |
| 7 | സോഡിയം വേപ്പർ ലാമ്പ് | 1500 | 12 | 03 | 4500 |
| | ആകെ | | | 1328 | |

ബേർണിംഗ് അവേഴ്സ് പ്രകാരമാണ് തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇപ്പോഴും ഗ്രാമപഞ്ചായത്ത് നൽകിവരുന്നത്. തെരുവ് വിളക്കിൽ മീറ്റർ സ്ഥാപിക്കുക എന്നത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് നടപ്പിലാക്കാതെ കടലാസ്സിൽ തന്നെ ഒതുങ്ങുകയും ചെയ്യുന്നതിലൂടെ അധികൃതർ കാണിക്കുന്ന അനാസ്ഥ ആർക്കും ബോധ്യപ്പെടുന്നതാണ്.

തെരുവ് വിളക്ക് പരിപാലനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ വിഭാവനം ചെയതിരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 86/18-19 | തെരുവ് വിളക്ക് മെയിന്റനൻസ് | 244500 |
| 135/18-19 | തെരുവ് വിളക്ക് മെയിന്റനൻസ് | 106000 |

മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളും നിർവ്വഹണം നടത്തിയില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കോ സ്പെയർ പാർട്സുകൾ വാങ്ങുന്നതിന് വേണ്ടിയോ ഒരു രൂപ പോലും 2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് മുടക്കിയിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട തെരുവുവിളക്കുകൾ കത്തിക്കുകയും അവയുടെ പരിപാലനം നടത്തുകയും ചെയ്യണം എന്ന ഉത്തരവാദിത്വം നിറവേറ്റുന്നതിൽ അധികൃതർ അലംഭാവം കാണിക്കുന്നു.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഇതിനായി യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുക 31.03.2013 ന് മുൻപ് അടയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കെഎസ്ഇബി 50 ശതമാനം ഇളവ് പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യം നേടിയെടുക്കുന്നതിലും ഗ്രാമപഞ്ചായത്ത് താല്പര്യം കാണിച്ചില്ല എന്നത് വളരെ വ്യക്തമാണ്. ഉയർന്ന ഊർജ്ജ ഉപഭോഗമുള്ള സോഡിയം വേപ്പർ ലാമ്പുകൾ പൂർണ്ണമായി ഒഴിവാക്കുകയും ഊർജ്ജ ഉപഭോഗം കുറവുള്ള വിളക്കുകൾ സ്ഥാപിക്കുകയും തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും തനത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ് കുറയ്ക്കുന്നതിനും അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ടെൻഡർ, റീ ടെൻഡർ, ലേലം, ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല

2018-19 സാമ്പത്തിക വർഷം മുതുകുളം ഗ്രമാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകളും റീ ടെൻഡറുകളും, നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST& CGST @2.5 | വൗച്ചർ നമ്പർ | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|---|
| | | | നീളം | വീതി | | | | |
| 27.02.18 | മാതൃഭൂമി | എം.ജി.എൻ. ആർ.ഇ. ജി.എസ്, നടപ്പിലാക്കുന്ന റോഡ് കോൺക്രീറ്റിംഗ് പദ്ധതികളുടെ ടെൻഡർ. | 8 | 4 | 225 | 7560 (sgst-180 cgst-180) | 51800084 | 9162/02.05.18 |
| 08.03.18 | മാതൃഭൂമി | സെക്രട്ടറി, വി.ഇ. ഒ., എച്ച്.എം., ഐ.സി.ഡി.എസ്., എന്നിവർ നടപ്പിലാക്കുന്ന വാങ്ങൽ പദ്ധതികളുടെ ടെൻഡർ. | 8 | 5 | 205 | 8610 (sgst-205 cgst-205) | 51800084 | 9162/02.05.18 |
| 01.02.18 | മാതൃഭൂമി | എം.ജി.എൻ. ആർ. ഇ. ജി.എസ്, വി.ഇ.ഒ., എച്ച്.എം., ഐ.സി.ഡി.എസ്., എന്നിവർ | 12 | 10 | 80 | 10164 (sgst-242 cgst-242) | 51800084 | 9162/02.05.18 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | നടപ്പിലാക്കുന്ന പദ്ധതികളുടെ റീ ടെൻഡർ. | | | | | | |
| 10.02.18 | കേരള കൗമുദി | എം.ജി.എൻ.ആർ.ഇ. ജി.എസ്, വി.ഇ.ഒ., എച്ച്.എം., ഐ.സി.ഡി. എസ്., എന്നിവർ നടപ്പിലാക്കുന്ന പദ്ധതികൾ | 122 SQCM @50 | 6359 (sgst-129 cgst-129) | 21800085 | 9162/02.05.18 | | |
| 31.03.18 | മാതൃഭൂമി | പദ്ധതി രൂപീകരണം | 8 | 5 | 240 (discount-15%) | 8568 (sgst-204 cgst-204) | 21800639 | 010921/28.12.18 |
| 15.09.18 | മാതൃഭൂമി ടെൻഡർ | പ്രോജക്ട് നമ്പർ-89/19 മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ പരസ്യം | 8 | 5 | 240 (discount-15%) | 8568 (sgst-204 cgst-204) | 21800702 15.01.19 | 142, ഉത്തരവ് നം. 15.01.19 പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. |
| 18.12.18 | മാതൃഭൂമി | പ്രോജക്ട് നമ്പർ-89/19 മരാമത്ത് പ്രവൃത്തികളുടെ റീടെൻഡർ പരസ്യം | 8 | 5 | 240 (discount-15%) | 8568 (sgst-204 cgst-204) | 21800702 15.01.19 | ഉത്തരവ് നം.142, 15.01.19 പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. |
| 01.08.18 | കേരള കൌമുദി | പ്രോജക്ട് നമ്പർ-89/19 പദ്ധതിയുടെ പത്രപ്പരസ്യം | 32 sq cm2 | 6072 (sgst-124 cgst-124) | 21800697 17.01.19 | ഉത്തരവ് നം.143, 15.01.19 പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നല്കിയിട്ടുണ്ട്. | | |
| 07.12.18 | മാതൃഭൂമി | വാർഷിക പദ്ധതിയുടെ ടെൻഡർ പത്രപ്പരസ്യം | 8 | 4 | 240 | 6854 (sgst-163 cgst-163) | 21800697 17.01.19 | UTR NO. KLGBHI9016883403 |
| | | **ആകെ** | | | | **71,323** | | |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, റീ ടെൻഡർ, വാങ്ങലുകൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് നിർദ്ദിഷ്ട വലുപ്പത്തിലുള്ള വിൻഡോ രൂപത്തിലും പി.ആർ.ഡി. വകുപ്പ് മുഖേനയും നിർവ്വഹിച്ച് അധികച്ചെലവ് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രളയ ദുരിതാധാശ്വാസ നിധിയിൽ അടച്ച തുകകൾക്ക് ആധികാരിക രേഖകളില്ല

ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേക്ക് അടച്ച പണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|
| 1 | 30,750 | 21800332/23.08.18 | 24,750/- ഫെസ്റ്റിവൽ അലവൻസും 6,000/- രൂപ സംഭാവനയും |
| 2 | 10,000 | 51800340/23.08.2018 | ഗ്രാമപഞ്ചായത്ത് സംഭാവന |
| 3 | 3,46,300 | 118010101775/12.09.18 (700)<br>1180010101794/17.09.18 (3,45,600) | പൊതുജനങ്ങളിൽ നിന്നും 700/- രൂപയും തൊഴിലുറപ്പ് സ്കീമിൽപ്പെട്ട തൊഴിലാളികളിൽ നിന്നും 3,45,600/- രൂപയും പിരിച്ച് 010259/17.09.18 തീയതിയിലെ ഡി.ഡി. പ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് അടച്ചു |
| 4 | 1,23,678 | 21800459/01.10.18 | 11 ജീവനക്കാരുടെ ശമ്പള റിക്കവറി |
| 5 | 46,646 | 21800532/02.11.18 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 6 | 22,800 | 21800612/05.12.18 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 7 | 22,800 | 21800675/01.01.19 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 8 | 22,800 | ചെക്ക് നമ്പർ-0491442/01.02.19 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 9 | 22,800 | 21800819/01.03.19 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 10 | 3,600 | 2180095/29.03.19 | പൊതുജനങ്ങളുടെ സംഭാവന |
| ആകെ | **6,52,174** | | |

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2018-19 സാമ്പത്തിക വർഷം ആകെ 6,52,174/- രൂപ അടച്ചിട്ടുണ്ട്. ഇതിൽ 4,300/- രൂപ പൊതുജനങ്ങളിൽ നിന്നും സമാഹരിച്ചതും, 3,45,600/- രൂപ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളിൽ നിന്നും സമാഹരിച്ചതും 3,02,274/- രൂപ ഗ്രാമപഞ്ചായത്ത് സംഭാവനയും ജീവനക്കാരിൽ നിന്നും ഈടാക്കി ഒടുക്കിയിട്ടുള്ളതുമായ തുകയാണ്.

06.09.2018 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം പ്രകാരം ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളിൽ നിന്നും 250/- രൂപയിൽ കുറയാത്ത തുക ഈടാക്കുന്നതിന് തീരുമാനം എടുത്തിരുന്നു. (തീരുമാന നമ്പർ-1(1) തീയതി.06.09.18). പൊതുജനങ്ങളിൽ നിന്നും ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളിൽ നിന്നും സ്വീകരിച്ച തുകയ്ക്ക് വ്യക്തിഗത രസീത് നല്കിയിട്ടില്ല. തൊഴിലാളികളിൽ നിന്നും സ്വീകരിച്ച് ഒടുക്കിയ തുകയുടെ ആധികാരികത മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള രേഖകൾ വൗച്ചറിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഓരോ വാർഡിലുമുള്ള തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി, വാർഡ് തലത്തിൽ ആകെ സമാഹരിച്ച തുക ഫ്രണ്ട് ഓഫീസിൽ അടച്ച് ആയതിന്റെ രശീത് വൗച്ചറിനോടൊപ്പം സൂക്ഷിക്കുകയോ കൈവശം വെയ്ക്കുകയോ ചെയ്തിട്ടില്ല. പൊതുജനങ്ങളിൽ നിന്നും, തൊഴിലുറപ്പ് തൊഴിലാളികളിൽ നിന്നും സമാഹരിച്ച പണത്തിന്റെ കൃത്യതയും സുതാര്യതയും ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

06.09.2018 ൽ കൂടിയ സാധാരണ യോഗത്തിന്റെ രണ്ടാമത്തെ തീരുമാനം (തീരുമാന നമ്പർ-1(2) തീയതി.06.09.18) പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളിൽ നിന്നും 5,000/-(അയ്യായിരം) രൂപ വീതം തുല്യമായി പിരിച്ചെടുക്കുക എന്നുള്ളതായിരുന്നു. പ്രസ്തുത തീരുമാനപ്രകാരം കമ്മറ്റി അംഗങ്ങളിൽ നിന്നും തുക ഈടാക്കിയതായി രേഖകൾ ലഭ്യമല്ല. എത്ര തുകയാണ് ഈടാക്കിയത് തുക ദുരിതാശ്വാസ നിധിയിലേക്ക് അടച്ചിരുന്നോ എന്നതിനെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 19 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തുക **320800299** എന്ന അക്കൗണ്ട് ഹെഡ്ഡിലേക്ക് മാത്രമേ എടുക്കാവൂ എന്ന് നിഷ്കർഷിച്ചിരുന്നു (സ.ഉ.(സാധാ) നം.2310/18 തസ്വഭവ 23.08.18). എന്നാൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക പ്രസ്തുത ഹെഡ്ഡിലല്ല എടുത്തിട്ടുള്ളത്. Recoveries

Payable - Other Deductions **350200299** എന്ന ഹെഡ്ഡിലാണ് 3,02,274/- രൂപ അക്കൗണ്ട് ചെയ്തിട്ടുള്ളത്. എന്തുകൊണ്ടാണ് ഉത്തരവിനെ മറികടന്ന മറ്റ് ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആകെ 6,52,174/- രൂപ അടച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ അടച്ചതിന്റെ രസീത് ദുരിതാശ്വാസ നിധിയുടെ പോർട്ടലിൽ നിന്നും നാളിതുവരെ ഡൗൺലോഡ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകളിൽ വിശദീകരണം ലഭ്യമാക്കുകയും പരിഹാര നടപടികൾ സ്വീകരിച്ച് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

# 1-30 ലൈഫ് പദ്ധതി - അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. മുതുകുളം പഞ്ചായത്തിൽ 2018-19 വർഷമാണ് ലൈഫ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. ജനറൽ വിഭാഗത്തിനും എസ്.സി വിഭാഗത്തിനുമായി 2 പ്രോജക്ടുകൾ ലൈഫ് പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പാക്കി.

1. ലൈഫ് പദ്ധതിയ്ക്കായി ആകെ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട്

| വിഭാഗം | | പ്ലാൻ ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ വായ്പ | ആകെ |
|---|---|---|---|---|---|---|---|
| ജനറൽ | അടങ്കൽ | 3248000 | 300000 | 3400000 | 3400000 | 57652000 | 68000000 |
| | ചെലവ് | 3248000 | 300000 | 1200000 | 1360000 | 26134231 | 32242231 |
| എസ്.സി | അടങ്കൽ | 1500000 | - | 100000 | 893915 | 5506085 | 8000000 |
| | ചെലവ് | 1500000 | - | 100000 | 519228 | 0 | 2119228 |

2. 2018-19 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ- 190

പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടത് -166

ജനറൽ, എസ്.സി വിഭാഗങ്ങളിലായി പൂർത്തീകരിച്ചവയുടെ എണ്ണം-124

ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം -40

(കൈവശ രേഖകൾ കൃത്യമല്ലാത്തതിനാൽ 2ഭവനങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല )

3. മാർഗ്ഗരേഖ ലംഘിച്ച് ഭവന നിർമ്മാണം

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.34/2018/ത.സ്വ.ഭ.വ തീയതി. 16.03.2018 പ്രകാരം 400 ചതുരശ്ര അടി (37.16 ച.മീറ്റർ) തറ വിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കേണ്ടത്. 15-ാം വാർഡിൽ സുഹാസ് വില്ലയിൽ രോഹിണി എന്ന ഗുണഭോക്താവ് പ്ലാൻ ഫണ്ടിൽ നിന്നും ആദ്യ ഗഡുവായ 40,000/- രൂപ കൈപ്പറ്റിയശേഷം അടിത്തറ നിർമ്മാണം പൂർത്തിയായി എന്ന് പഞ്ചായത്തിൽ അറിയിച്ചതനുസരിച്ച് സ്ഥല പരിശോധന നടത്തിയതിൽ 800 ചതുരശ്ര അടിയ്ക്കുമുകളിൽ താഴത്തെ നിലയുടെ ഫൗണ്ടേഷൻ നിർമ്മിച്ച് വാർപ്പു ഘട്ടം വരെ എത്തിയതായി വ്യക്തമായി. ഈ ഗുണഭോക്താവിന് തുടർന്നുള്ള ഗഡുക്കൾ നല്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്കു വിരുദ്ധമായ നിർമ്മാണമായതിനാൽ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുവാനുള്ളവർക്ക് അർഹമായ എല്ലാ സഹായങ്ങളും ചെയ്ത് സമയബന്ധിതമായി പദ്ധതി ലക്ഷ്യം കൈവരിയ്ക്കേണ്ടതാണ്.

# 1-31 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-

# അവലോകനം

കെട്ടിടം

മുതുകുളം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിലും 09 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ശേഷിയ്ക്കുന്ന 1 അങ്കണവാടി സ്കൂളിൽ പ്രവർത്തിക്കുന്നു.

കുടിവെള്ള സൗകര്യം

10 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളത്.

വൈദ്യുതി

11 അങ്കണവാടികളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്.

ടോയ്‌ലെറ്റ് സൗകര്യം

ഒരു അങ്കണവാടിക്ക് മാത്രമാണ് ബേബി ഫ്രണ്ടിലി ടോയ്‌ലെറ്റുള്ളത്.

കളിയുപകരണങ്ങൾ

അങ്കണവാടികളിൽ കളിയുപകരണങ്ങൾ ഇല്ല.

കളിസ്ഥലം

അങ്കണവാടികളിൽ കളിസ്ഥലം ഇല്ല.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്

2018-19 ൽ അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നല്കിയ രേഖകൾ പ്രകാരം അങ്കണവാടികളുടെ പ്രവർത്തനം ഒട്ടും തന്നെ തൃപ്തികരമല്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും, ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തം കെട്ടിടമില്ലാത്തതും അപര്യാപ്തതയാണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ.(എം.എസ്)29/2012 ത.സ്വ.ഭ.വ/03.09.2010 ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മിറ്റി അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിലും സ്ത്രീകളുടെയും, കുട്ടികളുടെയും, വയോജനങ്ങളുടെയും ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിലും ആവശ്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. എല്ലാ അങ്കണവാടികളുടെയും മോണറ്ററിംഗ് & വെൽഫയർ കമ്മിറ്റി യഥാസമയം യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# <u>നിരീക്ഷണങ്ങൾ</u>

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി - പദ്ധതി അടങ്കലിനേക്കാൾ അധിക തുക ചെലവഴിച്ചു

| പ്രോജക്ട് നം./ അടങ്കൽ | തൻവർഷം ചെലവ് | ബിൽ നം. | ചെലവ് വിശദാംശം | റിമാർക്സ് |
|---|---|---|---|---|
| 50/18-19 1,46,900/- (വികസനഫണ്ട്) | 24700 | 7/15.09.18 | 18.07.2018 മുതൽ 31.08.2018 വരെയുള്ള കാലയളവിൽ 19 ദിവസത്തെ പ്രതിഫലം പരിശീലകയ്ക്ക് നൽകിയത്. | പ്രസ്തുത തുക ആദ്യം പ്രോജക്ട് നം. 54/18-19-ൽപ്പെടുത്തി തെറ്റായി പിൻവലിക്കുകയും പിന്നീട് പ്രസ്തുത തുക പരിശീലകയുടെ അക്കൗണ്ടിലേക്ക് മാറ്റിനൽകുകയാണ് ചെയ്തത്. |
| | 23400 | 10/20.10.18 | 2018 സെപ്റ്റംബർ മാസത്തിലെ 19 ദിവസത്തേക്കുള്ള വേതനം നൽകിയത്. | |
| | 20800 | 12/04.11.18 | 2018 ഒക്ടോബറിൽ 16 ദിവസത്തെ വേതനം. | |
| | 23400 | 14/12.12.18 | 2018 നവംബറിലെ 18 ദിവസത്തെ വേതനം. | |
| | 23400 | 16/17.01.19 | 2018 ഡിസംബറിലെ 18 ദിവസത്തെ വേതനം. | |
| | 20800 | 21/05.02.19 | 2019 ജനവരിയിലെ 16 ദിവസത്തെ വേതനം. | |
| | 15600 | 24/25.03.19 | 2019 ഫെബ്രുവരിയിലെ 12 ദിവസത്തെ വേതനം. | |
| ആകെ | 152100 | | | |

മേൽ പദ്ധതിക്ക കീഴിൽ ഓഡിറ്റ് വർഷം ആകെ 1,52,100/- രൂപ പരിശീലകയായ ശ്രീമതി.ലതാ രാജഗോപാൽ, സദ്ഗമയ, മഠത്തിൽ കാരാഴ്മ, ഓച്ചിറ എന്നയാൾക്ക് നൽകി. പദ്ധതി നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിരേഖ പ്രകാരം ഒരു വർഷത്തേക്ക് ക്ലാസ്സെടുക്കുന്നതിനാണ് ശ്രീമതി.ലതാ രാജഗോപാലിനെ നിയോഗിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം പരിശീലകയായി ശ്രീമതി.ലതാ രാജഗോപാലിനെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം, ഇതിന് ഉപോൽബലകമായ പഞ്ചായത്ത് ഭരണസമിതി തീരുമാനം, പരിശീലനം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഫയലിലെ രേഖകൾ പ്രകാരം ടിയാരി 18.07.2018 മുതൽ ക്ലാസ്സ് ആരംഭിച്ചിട്ടുണ്ട്. എന്നാൽ പരിശീലക എന്ന നിലയിൽ ടിയാരി പഞ്ചായത്തുമായി കരാർ വച്ചിട്ടുള്ളത് 04.09.2018-ൽ മാത്രമാണ്. പ്രസ്തുത കരാർ ആകട്ടെ പൂർണ്ണമല്ല.
2. ഈ പദ്ധതിക്കുകീഴിൽ ഗുണഭോക്താക്കളായിട്ടുള്ളവർ ആരൊക്കെയാണെന്നും അവരുടെ ഹാജർ വിവരവും ഫയലിൽ വ്യക്തമല്ല.
3. അംഗീകൃത പദ്ധതിരേഖ പ്രകാരം ഈ പദ്ധതിക്കുകീഴിൽ ചെലവഴിക്കാവുന്ന ആകെത്തുക ഒരു വർഷകാലത്തേക്ക് 1,46,900/- രൂപയാണ്. എന്നാൽ ഓഡിറ്റ് വർഷം മാത്രം പ്രസ്തുത പദ്ധതിയിൽ 1,52,100/- രൂപ (5200/- രൂപ അധികം) ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല 2019 മാർച്ച് മാസത്തിലെ 15 ദിവസത്തെ വേതനം 19,500/- രൂപ സ്പിൽ ഓവർ പദ്ധതി എന്ന നിലയിൽ 2019-20 വർഷം (ബിൽ നം.

1/25.4.2019) ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 24,700/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് പരിശീലകയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നുമോ തിരികെ ഈടാക്കേണ്ടതാണ്.

4. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല.

മേൽ അപാകതകൾ മുൻനിർത്തി ഈ പദ്ധതിക്കുകീഴിൽ ഓഡിറ്റ് വർഷം ചെലവഴിച്ച 1,52,100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരാമർശിച്ച വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1200000 | 5/19, ലൈഫ് പദ്ധതി ജനറൽ | 120000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | 85/19 ലൈഫ് പദ്ധതി എസ്.സി.പി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | 3/19-പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 32/19, സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 17890 | 72/19 പച്ചക്കറി വികസന പദ്ധതി | 17890 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1364682 | 5/19 ലൈഫ് പദ്ധതി ജനറൽ | 1360000 | 4682 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 519228 | 85/19 ലൈഫ് പദ്ധതി എസ്.സി.പി | 519228 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 255800 | 32/19 സ്കോളർഷിപ്പ് | 255800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 12/19 അനുപൂരക പോഷകാഹാരം | 100000 | 0 |
| | | | ആകെ | 4052918 | 4682 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | ഹഡ്കോയിൽ നിന്നും നേരിട്ട് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ച | 26,134,231 | 0 | -- | -- | തിരിച്ചടവ് ആരംഭിച്ചിട്ടില്ല |
| | | | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87957605 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77309679 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 51199 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1797557 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 51199 | കെ.ഓമന, ഹെഡ്മിസ്ട്രസ്സ് |
| ആകെ | | 51199 | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 152100 | കെ.ഓമന, ഹെഡ്മിസ്ട്രസ് |
| 1-20 | 1311125 | ഡോ.ബീന, വെറ്ററിനറി സർജൻ |
| 1-22 | 71712 | കെ.ഓമന, ഹെഡ്മിസ്ട്രസ് |
| 1-23 | 237000 | പ്രവീൺ.കെ.കൃഷ്ണൻ, വി.ഇ.ഒ. |
| 1-23 | 15000 | കിരൺ.കെ.വി, വി.ഇ.ഒ. |
| 1-26 | 10620 | ഷിബു പ്രണവ്, സെക്രട്ടറി |
| ആകെ | 1797557 | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ. 1-23

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രവീൺ.കെ.കൃഷ്ണൻ, വി.ഇ.ഒ | വി.ഇ.ഒ, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | ആഞ്ഞിലിപ്പറമ്പിൽ ഹൗസ്, കലവൂർ.പി.ഒ, ആലപ്പുഴ |
| ഷിബു പ്രണബ്, സെക്രട്ടറി | സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത് | സാരംഗ്, ചെറുവള്ളിൽ, തിരുവനന്തപുരം |
| ഡോ. ബീന | വെറ്ററിനറി പോളി ക്ലിനിക്ക്, കായംകുളം | മുരളിക, മുതുകുളം സൗത്ത്.പി.ഒ |
| കിരൺ.കെ. | വി.ഇ.ഒ. | കോലെടുത്ത് വടക്കേതിൽ, മാവേലിക്കര |
| കെ.ഓമന, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, മുതുകുളം | കാർത്തിക, നങ്ങ്യാർകുളങ്ങര, ഹരിപ്പാട് |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2003-04 വരെ | എൽ.എഫ്.ജി.എ.5-1832/11, തീയതി – 31.01.2012 |
| 2005-06 | എൽ.എഫ്.ജി.എ.13-1174/13, തീയതി – |
| 2006-07 | എൽ.എഫ്.ജി.എ.13-699/10, തീയതി – 18.12.2010/31.12.2010 |
| 2007-08 | എൽ.എഫ്.പി7-607/12 തീയതി – 08.02.2012 |
| 2008-09 | എൽ.എഫ്.എ.പി4-820/12, തീയതി – 05.11.2012 |
| 2009-10 | എൽ.എഫ്.എ.പി4-1403/13, തീയതി – 21.02.2014/05.04.2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി4-1403/13, 21.02.2014/05.04.2014 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.പി4-202/16, 15.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.പി4-760/16, 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.പി4-1529/16, 31.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.പി4-865/17, 05.07.2017 |
| | |

| 2017 -18 | കെ.എസ്.എ-എ.എൽ.പി.പി4-206/19, 11.03.2019 |
|---|---|

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

# അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി/പി4-744/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 26.06.2019

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുതുകുളം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

## അനുബന്ധം-2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്